പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## എട്ടാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

എട്ടാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

413/2007.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 44 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
ശ്രീമതി പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 ഡിസംബർ മാസം 20-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007, മാർച്ച് 13.

# റിപ്പോർട്ട്

## പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## ഏഴംകുളം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത

"വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ച പ്രവർത്തനങ്ങൾ, പൊതുമരാമത്തു പണികൾ എന്നിവയുടെ ജോലികൾക്ക് കൂലി നൽകാനായി കണ്ടിജന്റ് ബിൽ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുകയും ജോലിക്കാരുടെ പേര്, കൈയൊപ്പ്, തുക കൊടുത്ത തീയതി, ചെലവ് നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ അടങ്ങിയ "നോമിനൽ മസ്റ്റർ റോൾ" വയ്ക്കാതെ ചെലവെഴുതിയതായി ആഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പൂർണ്ണവിവരങ്ങൾ അടങ്ങിയ "നോമിനൽ മസ്റ്റർ റോൾ" സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക ആഡിറ്റിൽ അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല."

താഴെ കാണുന്ന പൊതുമരാമത്ത് ജോലികളുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ മസ്റ്റർ റോളുകളുടെ നേരെ പറയുന്ന തുകകൾ വിതരണം ചെയ്തതായോ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ചതായോ കാണുന്നില്ല.

| വൗച്ചർ നമ്പർ | റോഡിന്റെ വിവരം | തുക |
|---|---|---|
| 36/10-96 | ഉഷസ്-പടിമറ്റത്തുപടി | 3,640 |
| 39 B/10-96 | കുതിരമുക്ക് പാലക്കോട്ടുപടി | 4,346 |
| 39 C/10-96 | മുളയ്ക്കൽപടി കനാൽപടി | 6,205 |
| 39 D/10-96 | കളിക്കൽപടി ആലുവിളപടി | 4,693 |
| 34/10-96 | തേവോട്ടുപടി നെടുമൺ എച്ച്.എസ്സ്. | 3,360 |
| | ആകെ | 22,244 |

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക II 1-4]

ആഡിറ്റ് ഖണ്ഡികയ്ക്ക് 12-1-2005-ലെ ജെ.എസ്. 1188/99 നമ്പർ കത്ത് പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

1. "മേൽപ്പറഞ്ഞ തടസ്സവാദങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയായിരുന്ന ശ്രീ.എസ്സ്.അരവിന്ദാക്ഷൻ ഉണ്ണിത്താനോട് ആവശ്യപ്പെടുകയും മേൽ നടപടിക്കായി 12-5-1999-ലെ J.S. 1188/99 നമ്പർ കത്തു മുഖേന പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. ലോക്കൽ

ഫണ്ട് ഓഡിറ്റ് ഡയറക്ടർ 11-11-1999-ലെ L.F.25108/SPl. Cell (S/c1)/99-ാം നമ്പർ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചു. സർച്ചാർജ്ജ് ചെയ്ത തുക തിരിച്ചടയ്ക്കാൻ 5-1-2005-ൽ ടിയാനു വീണ്ടും അറിയിപ്പു നൽകിയിട്ടുണ്ട്. ശ്രീ. ഉണ്ണിത്താന് ബാദ്ധ്യതാ/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല."

2. ആ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. അരവിന്ദാക്ഷൻ ഉണ്ണിത്താനെതിരെ നെടുമ്പ്രം പഞ്ചായത്തിലും പണാപഹരണത്തിന് സർചാർജ്ജ് നിലവിലുണ്ടെന്നും, ഈ വിഷയത്തിൽ 12-5-1999-ലെ കത്ത് മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടും ടിയാനെതിരെ നടപടികൾ എടുക്കാത്തത് ഗൗരവതരമായ കുറ്റമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഒരാഴ്ചക്കുള്ളിൽ ടിയാനെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം നോട്ടീസ് നൽകാമെന്ന് ഡയറക്ടർ സമിതിയ്ക്ക് ഉറപ്പും നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

3. ആഡിറ്റിൽ പരാമർശിക്കപ്പെട്ട ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. സി. അരവിന്ദാക്ഷൻ ഉണ്ണിത്താനെതിരെ ഒരാഴ്ചക്കുള്ളിൽ വകുപ്പുതല നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും അതു സംബന്ധിച്ച മറുപടി നാളിതുവരെ ലഭിച്ചില്ല. ആയതിനാൽ സമിതി നിർദ്ദേശത്തിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. സമിതി നിർദ്ദേശം യഥാസമയം നടപ്പാക്കാത്തതിൽ സമിതിക്കുള്ള അതൃപ്തി അറിയിക്കുന്നതോടൊപ്പം മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതല നിർദ്ദേശം നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിന് അതീതമായി പൊതുമരാമത്തു പണിയ്ക്ക് ചെലവാക്കിയ തുക

"പൊതുമരാമത്തു പ്രവൃത്തികളുടെ അളവുകൾ ബന്ധപ്പെട്ട അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയതനുസരിച്ച് അതതു പ്രവൃത്തികളിൽ നിന്നും ലഭ്യമായ വസ്തുക്കൾ ഉപയോഗപ്പെടുത്താതെ അതിനു പകരം തത്തുല്യ സാധനസാമഗ്രികൾ പുറമെ നിന്നും വാങ്ങി ഉപയോഗിച്ചു ചെലവുകൾ ഉണ്ടാക്കിയതായി പല പഞ്ചായത്തുകളിലും കാണാനിടയായിട്ടുണ്ട്. അതുപോലെതന്നെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്ന അളവുകളേക്കാൾ അധികമായി ചെലവുകൾ ഉണ്ടായതായും കാണുന്നു. പൊതുമരാമത്തു പ്രവൃത്തികളുടെ ചെലവിനങ്ങളുടെ നിർണ്ണയം ബന്ധപ്പെട്ട മെഷർമെന്റ് ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സാധന സാമഗ്രികളുടേയും, പ്രവൃത്തിയുടേയും അളവുകളാൽ നടത്തപ്പെടുന്നതിനാൽ മെഷർമെന്റ് ബുക്കിലെ അളവിന് അധികമായി നടത്തിയ ചെലവ് അംഗീകൃതമല്ല".

**ഓഡിറ്റ് ഖണ്ഡിക**

ഏനാത്ത് സബ് രജിസ്ട്രാർ ഓഫീസ് മല്ലശ്ശേരി പടിറോഡ് ഉദ്ധാരണം 4,853 രൂപയുടെ പാഴ്ചെലവ്

"പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് നം.7/96-97-ലെ 51 മുതൽ 61 വരെയുള്ള പേജുകൾ പ്രകാരം ജോലിയുടെ മൂല്യം 38,018 രൂപ മാത്രമാണ്. എന്നാൽ ഈ റോഡിന്റെ പണിക്കായി വൗച്ചർ 29/11-96, 19/12-96, 35/12-96, 59/12-96 പ്രകാരം ആകെ 42,871/- രൂപ ചെലവു ചെയ്തു കാണുന്നു. ആയതിനാൽ ചെയ്ത ജോലികളുടെ മൂല്യത്തിനുപരിയായി ചെലവാക്കിയ തുക 4,853 രൂപ ആഡിറ്റിൽ അംഗീകരിച്ചിട്ടില്ല."

വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡന്റും എം ബുക്കിൽ ഒപ്പിട്ടിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക II III 4]

ആഡിറ്റ് ഖണ്ഡികയ്ക്ക് 12-1-2005-ലെ ജെ.എസ്. 1188/99 നമ്പർ കത്ത് പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

5. "മേൽപ്പറഞ്ഞ തടസവാദങ്ങൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെട്ട്രറിയായിരുന്ന ശ്രീ. എസ്സ്. അരവിന്ദാക്ഷൻ ഉണ്ണിത്താനോട് ആവശ്യപ്പെടുകയും മേൽ നടപടിക്കായി 12-5-1999-ലെ J.S.1188/99 നമ്പർ കത്തു മുഖേന പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 11-11-1999-ലെ L.F.25108/SPl. Cell (S/c1)/99-ാം നമ്പർ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചു. സർചാർജ്ജ് ചെയ്ത തുക തിരിച്ചടയ്ക്കാൻ 5-1-2005-ൽ ടിയാനു വീണ്ടും അറിയിപ്പു നൽകിയിട്ടുണ്ട്. ശ്രീ. ഉണ്ണിത്താന് ബാദ്ധ്യതാ/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല."

6. പ്രസ്തുത പദ്ധതിയ്ക്ക് 42,871 രൂപയാണ് ആകെ ചെലവഴിച്ചതെന്നും മെഷർമെന്റ് പ്രകാരം 38,018 രൂപയുടെ ചെലവാണ് വന്നതെന്നും അൺടൈഡ് ഫണ്ടിൽ നിന്നും സെക്രട്ടറി നേരിട്ട് ചെയ്യിച്ച ജോലിയാണിതെന്നും 4,853 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ടെന്നും സമിതിയുടെ ഇതു സംബന്ധിച്ചുള്ള ചോദ്യത്തിന് പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുവേളയിൽ മറുപടി നൽകി.

7. ഇതിൽ വാർഡ് മെമ്പറും പഞ്ചായത്ത് പ്രസിഡന്റും എം ബുക്കിൽ ഒപ്പിടാത്തത് എന്തുകൊണ്ടാണെന്നും സർചാജ്ജ് ഒഴിവാക്കുവാൻ ആവശ്യമായ നടപടി അന്നത്തെ സെക്രട്ടറി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു. പ്രസ്തുത പണി പ്രാദേശിക നിരക്കിൽ ചെയ്യിക്കാമെന്ന നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും അളവെടുത്തത് പി.ഡബ്ള്യു.ഡി. നിരക്ക് അനുസരിച്ചാണെന്നും ഈ രണ്ടു നിരക്കുകളും തമ്മിലുള്ള താരതമ്യ പട്ടിക തയ്യാറാക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതായിരുന്നുവെന്നും അതു ചെയ്യാത്തതാണ് പ്രശ്നമായതെന്നും, എം ബുക്ക് ഒപ്പിട്ട് വാങ്ങിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബന്ധപ്പെട്ട സെക്രട്ടറി സർവ്വീസിൽ ഉള്ളതിനാൽ ടിയാന്റെ പേരിൽ സർചാർജ്ജ് ചെയ്ത് തുക തിരിച്ചു പിടിയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

8. സർചാർജ്ജ് നോട്ടീസ് നൽകിയതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് എന്താണ് ചെയ്യാനുള്ളതെന്ന് സമിതി അന്വേഷിച്ചതിന്, സർചാർജ്ജ് നോട്ടീസ് നൽകിയതിനുശേഷം റവന്യൂ റിക്കവറിക്കു വിടണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയാണ് അത് ചെയ്യേണ്ടതെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

9. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്താൽ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും പിടിക്കുന്നതിന് ഇപ്പോൾ വ്യവസ്ഥ ഉള്ളതുപോലെ, സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അവരുടെ ശമ്പളത്തിൽ നിന്നും നേരിട്ടു വസൂലാക്കാവുന്ന രീതിയിൽ ബന്ധപ്പെട്ട പഞ്ചായത്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിന് സഹകരണ വകുപ്പിനുള്ള അധികാരം പഞ്ചായത്തിനും ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

10. ഏനാത്ത് സബ് രജിസ്ട്രാർ ഓഫീസ് മല്ലശ്ശേരിപടി റോഡു ഉദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിലധികമായി ചെലവാക്കിയ 4,853 രൂപ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താനിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് പ്രസ്തുത തുക ടിയാന്റെ പേരിൽ സർചാർജ്ജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തു കഴിഞ്ഞാൽ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും പിടിക്കുന്നതിനു ചട്ടങ്ങളുള്ളതുപോലെ സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ തുക അവരുടെ ശമ്പളത്തിൽ നിന്നും നേരിട്ടു വസൂലാക്കുന്നതിന് കഴിയുന്ന തരത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങളിലും സർവ്വീസ് ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

നോമിനൽ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത

"വരൾച്ച ദുരിതാശ്വാസ പദ്ധതികളോടനുബന്ധിച്ച പ്രവർത്തനങ്ങൾ, പൊതു മരാമത്തുപണികൾ എന്നിവയുടെ ജോലികൾക്ക് കൂലി നൽകാനായി കണ്ടിജന്റ് ബിൽ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ പിൻവലിക്കുകയും ജോലിക്കാരുടെ പേര്, കൈയൊപ്പ്, തുക കൊടുത്ത തീയതി, ചെലവ് നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ അടങ്ങിയ "നോമിനൽ മസ്റ്റർ റോൾ" വയ്ക്കാതെ

ചെലവെഴുതിയതായി ആഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പൂർണ്ണ വിവരങ്ങൾ അടങ്ങിയ "നോമിനൽ മസ്റ്റർ റോൾ" സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക ആഡിറ്റിൽ അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ചുവടെ പറയുന്ന ചെക്കുകൾ പ്രകാരം മാറിയ തുകയിൽ 37,478 രൂപ ക്യാഷ് ബുക്കിലും വൗച്ചറുകളിലും അൺടൈഡ് ഫണ്ട് എന്നും വേജസ് എന്നും കാണിച്ചു പിൻവലിച്ചിട്ടുണ്ട്.

| ചെക്ക് | തുക |
|---|---|
| 114364/24-5-97<br>(അൺടൈഡ് ഫണ്ട് എന്നു കാണിച്ചിരിക്കുന്നു) | 10,000 |
| 114370/28-5-97<br>(അൺടൈഡ് ഫണ്ട് എന്നു കാണിച്ചിരിക്കുന്നു) | 10,000 |
| 115129/10-9-97<br>(13528 രൂപ അൺടൈഡ് ഫണ്ട് എന്ന് ചെക്കിലും വൗച്ചറിലും രേഖപ്പെടുത്തിയിരിക്കുന്നു) | 30,875 |
| 115459/11-11-97<br>(3950 രൂപയ്ക്കുള്ള കണ്ടിജന്റ് ബില്ലിൽ വൗച്ചർ 22-11/97 എന്നു മാത്രം രേഖപ്പെടുത്തിയിരിക്കുന്നു). | 8,950 |

പ്രവൃത്തിയുടെ പേരോ മസ്റ്റർ റോളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത ചെലവുകൾ ഉപാധിരഹിത ഫണ്ടിൽ നിന്നുള്ള പണികളിലൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

ഉപാധിരഹിത ഫണ്ടിന്റെ വിനിയോഗത്തിൽ ഗുരുതരമായ പിഴവുകൾ ഉണ്ടായിട്ടുണ്ടെന്നും പഞ്ചായത്തിനു തന്മൂലം ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും മേൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കുന്നു."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക II I-9]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2-1/05 നമ്പർ കത്തുപ്രകാരം അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

12. "ബന്ധപ്പെട്ട സെക്രട്ടറിക്ക് (എം.സുരേന്ദ്രൻ നായർ) ആഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടീസ് നൽകിയിട്ടുണ്ട്."

13. ആഡിറ്റ് പരാമർശങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.എം.സുരേന്ദ്രൻ നായർക്ക് 18-6-2000-ലും 24-8-2003-ലും കത്തയച്ചിരുന്നതായും 7-6-2004-ൽ ടിയാൻ മരണമടഞ്ഞതായും അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

14. ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ആവശ്യമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും 30-11-2002-ന് മുമ്പായി ടിയാനിൽ നിന്നും തുക ഈടാക്കി വിവരം സർക്കാരിനെ അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർക്ക് 14-3-2002-ൽ നിർദ്ദേശം നൽകിയിരുന്നിട്ടും അതിന്മേൽ യഥാസമയം നടപടികളൊന്നും ഉണ്ടായില്ലെന്ന് മനസ്സിലാക്കുന്നതായി സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

15. ആഡിറ്റിൽ പറയുംപ്രകാരം ഉപാധിരഹിത ഫണ്ടിന്റെ വിനിയോഗത്തിൽ ഗുരുതരമായ ക്രമക്കേടുകൾ വരുത്തുകയും, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ആവശ്യമായ രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കാതെ നിരുത്തരവാദപരമായ രീതിയിൽ സർക്കാർ ഫണ്ട് വിനിയോഗം ചെയ്യുകയും ചെയ്ത ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും ടിയാനിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന്മേൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഇതു സംബന്ധിച്ച വിശദീകരണം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ആഡിറ്റ് തടസ്സങ്ങളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എം. സുരേന്ദ്രൻ നായരിൽ നിന്നും ഈടാക്കാനുള്ള തുക ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ട്രഷറി എസ്.ബി. അക്കൗണ്ട് പ്രവർത്തനരഹിതമായതിനാൽ പഞ്ചായത്തിനു നഷ്ടം രൂപ 40,950

"പഞ്ചായത്ത്, കോന്നി സബ് ട്രഷറിയിൽ 30,000 രൂപ 16-11-1987-ൽ നിക്ഷേപിച്ച് എസ്.ബി. അക്കൗണ്ട് തുടങ്ങി. പിന്നീട് ഈ അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും നടക്കാത്തതിനാൽ ബാങ്കിന്റെ ബിസിനസ്സ് നിയമം 13 പ്രകാരം 15-11-1992-ൽ പ്രസ്തുത അക്കൗണ്ട് ട്രഷറി പ്രവർത്തനരഹിതമായി കണ്ട് നീക്കിയിരുപ്പു തുക 40,950 റവന്യൂ ഡെപ്പോസിറ്റാക്കി മാറ്റിയിട്ടുണ്ട്. റവന്യൂ ഡെപ്പോസിറ്റാക്കി മാറ്റുന്നതിന് സാഹചര്യമൊരുക്കിയ അന്നത്തെ സെക്രട്ടറിയിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-01 ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV 3.19]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2-1/05 നമ്പർ കത്തുപ്രകാരം അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

17. "റിക്കാർഡുകൾ പരിശോധിച്ചതിൽ ആഡിറ്റ് ഖണ്ഡികയിലെ പരാമർശം ശരിയാണ്. നാളിതുവരെ പിന്നീട് വന്നിട്ടുള്ള സെക്രട്ടറിമാർ ആരും തന്നെ നടപടി

സ്വീകരിച്ചിട്ടില്ല. ഉടനെ തന്നെ പഞ്ചായത്തിനുണ്ടായ നഷ്ടം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. നടരാജനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്."

18. പ്രസ്തുത അക്കൗണ്ടിലുള്ള തുക തിരിച്ചു കിട്ടുവാൻ 19-12-2004-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ധനകാര്യവകുപ്പ് സെക്രട്ടറിയ്ക്ക് എഴുതിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സർക്കാർ തീരുമാനമെടുത്താൽ തുക തിരിച്ചുകൊടുക്കാവുന്നതാണെന്ന് സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ധനകാര്യവകുപ്പുദ്യോഗസ്ഥനും സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

19. ട്രഷറി എസ്.ബി. അക്കൗണ്ട് പ്രവർത്തനരഹിതമായതുമൂലം നീക്കിയിരുപ്പു തുക റവന്യൂ ഡെപ്പോസിറ്റാക്കി മാറ്റിയതു തിരികെ ലഭിക്കുന്നതിനു ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതിന്മേൽ ധനകാര്യവകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് അടിയന്തിരമായി സമിതിയെ അറിയിക്കണമെന്നും പ്രവർത്തനരഹിത ഫണ്ടായി മാറ്റിയതുകാരണം പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ഇറച്ചി മാർക്കറ്റ് ലേലം-തുക ഈടാക്കിയിട്ടില്ല

"അരുവാപ്പുലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ വരുന്ന മുറ്റാക്കുഴി, രാധപ്പടി എന്നീ വാർഡുകളിലെ ഇറച്ചി മാർക്കറ്റ് ലേലം പിടിച്ച വകയിൽ ശ്രീ.സലിം എന്ന വ്യക്തിയിൽ നിന്നും 15,825 രൂപ പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ട്. ഉപേക്ഷമൂലം പഞ്ചായത്തു ഫണ്ടിനു നഷ്ടമായ ഈ തുക ടി വ്യക്തിയിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്. അതുപോലെ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനതുവരുമാനമായ 6-ാം വാർഡിലെ ഇറച്ചി മാർക്കറ്റ് ലേലത്തിൽ നിന്നും ഒഴിവാക്കിയത് ഗുരുതരമായ കൃത്യവിലോപമാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.3]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ എ2-1/05 നമ്പർ കത്തു പ്രകാരം അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

20. "ഈ ആഫീസിൽ ലേല ഡയറിയും രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമല്ല. അന്വേഷിച്ചതിൽ പ്രസ്തുത ഡയറിയും രജിസ്റ്ററും വിജിലൻസ് കസ്റ്റഡിയിലാണെന്ന് അറിയുവാൻ കഴിഞ്ഞു."

21. ഇറച്ചി മാർക്കറ്റ് ലേലം സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. നടരാജൻ ഇപ്പോഴും സർവ്വീസിൽ തുടരുന്നതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും 27-1-2005-ന് മുമ്പായി പഞ്ചായത്ത് ഡയറക്ടർക്ക് നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ ഇവ പരിശോധിച്ച് വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

22. ഇറച്ചി മാർക്കറ്റ് ലേലം നടത്തിയ ഇനത്തിൽ ഇനിയും പിരിഞ്ഞുകിട്ടാനുള്ള 15,825 രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ടിയാനിൽ നിന്നും തുക ഈടാക്കി ആയതിന്റെ വിശദവിവരവും സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## കൊടുമൺ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനതീതമായി പൊതുമരാമത്തു പണിയ്ക്ക് ചെലവാക്കിയ തുക

"പൊതുമരാമത്തു പ്രവൃത്തികളുടെ അളവുകൾ ബന്ധപ്പെട്ട അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തിയതനുസരിച്ച് അതതു പ്രവൃത്തികളിൽ നിന്നും ലഭ്യമായ വസ്തുക്കൾ ഉപയോഗപ്പെടുത്താതെ അതിനു പകരം തത്തുല്യ സാധന സാമഗ്രികൾ പുറമെ നിന്നും വാങ്ങി ഉപയോഗിച്ചു ചെലവുകൾ ഉണ്ടാക്കിയതായി പല പഞ്ചായത്തുകളിലും കാണാനിടയായിട്ടുണ്ട്. അതുപോലെ തന്നെ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്ന അളവുകളെക്കാൾ അധികമായി ചെലവുകൾ ഉണ്ടായതായും കാണുന്നു. പൊതുമരാമത്തു പ്രവൃത്തികളുടെ ചെലവിനങ്ങളുടെ നിർണ്ണയം ബന്ധപ്പെട്ട മെഷർമെന്റ് ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന സാധന സാമഗ്രികളുടെയും പ്രവൃത്തിയുടേയും അളവുകളിൽ നടത്തപ്പെടുന്നതിനാൽ മെഷർമെന്റ് ബുക്കിലെ അളവിന് അധികമായി നടത്തിയ ചെലവ് അംഗീകൃതമല്ല.

**ഓഡിറ്റ് ഖണ്ഡിക**

(i) പബ്ലിക് കംഫർട്ട് സ്റ്റേഷനിലെ ടാങ്ക് നിർമ്മാണം

"പഞ്ചായത്തിന് ലഭിച്ച 25% വസ്തു കൈമാറ്റ നികുതി വിഹിതം ഉപയോഗിച്ച് പബ്ലിക് കംഫർട്ട് സ്റ്റേഷനിൽ ഒരു ടാങ്ക് നിർമ്മിക്കുകയുണ്ടായി. നിർമ്മാണത്തിന്റെ അടങ്കൽ തുക 15,250 രൂപയായിരുന്നു. പ്രസ്തുത ജോലി പഞ്ചായത്ത് 19,126 രൂപ ചെലവിൽ നേരിട്ടു നടത്തി. എന്നാൽ 1/92-93 മെഷർമെന്റ് ബുക്കിലെ 84 മുതൽ 92 വരെയുള്ള പേജുകൾ പ്രകാരം ചെയ്ത ജോലിയുടെ ആകെ മൂല്യം 14,133 രൂപ മാത്രമാണ്. ആയതിനാൽ 4,993 രൂപ അധിക ചെലവായി കണക്കാക്കുന്നു".

**ഓഡിറ്റ് ഖണ്ഡിക**

(ii) വി.റ്റി.സി. ഫണ്ട് ഉപയോഗിച്ച് പൊന്നെടുത്താംകുഴി മേലെതിൽപടി ചന്ദനപ്പള്ളി കുരിശുമുക്ക് റോഡ് ഉദ്ധാരണം.

2,88,000 രൂപയുടെ അടങ്കൽ തയ്യാറാക്കിയ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ട് 3,06,699 രൂപയ്ക്ക് നടത്തുകയുണ്ടായി. ബന്ധപ്പെട്ട ജോലിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് നം.1/97-98-ലെ 12 മുതൽ 32 വരെയുള്ള പേജുകൾ പ്രകാരം ചെയ്ത ജോലിയുടെ ആകെ മൂല്യം 2,06,647/95 രൂപയാണ്.

ആയതിനാൽ മൂല്യത്തിനധികമായി ചെലവാക്കിയ 1,00,051 രൂപ അംഗീകരിക്കുന്നില്ല. ലോഡൊന്നിന് 350 രൂപ ക്രമത്തിൽ 190 ലോഡ് മണ്ണിറക്കിയതായി ചെലവെഴുതി കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ 109 ലോഡ് മണ്ണാണ് പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അധികമായി ചെലവെഴുതിയ 81 ലോഡ് മണ്ണിന്റെ വിലയായ 28,350 രൂപ പഞ്ചായത്തു ഫണ്ടിൽ മടക്കി അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക II- III-3 (1) & (2)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ സി1-336/04 നമ്പർ കത്ത് പ്രകാരം കൊടുമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

23. "ബന്ധപ്പെട്ട സെക്രട്ടറി കെ. ജി. കമലാസനിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാൻ ലോക്കൽ ഫണ്ട് ഡയറക്ടർ മുഖേന സർചാർജ്ജ് നോട്ടീസ് അയയ്ക്കാൻ പത്തനംതിട്ട ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ തുക 22-3-2000-ൽ സി1/104/2000 നമ്പരായി നല്കിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ ചേർത്തിട്ടില്ല."

24. ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച സർചാർജ് നടപടിയ്ക്കെതിരെ ബന്ധപ്പെട്ട സെക്രട്ടറി കോടതിയിൽ കേസ് കൊടുക്കുവാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത തുക ഡി.സി.ആർ.ജി.യിൽ നിന്നും തിരിച്ചു പിടിച്ചിട്ടുള്ള തായിരുന്നു എന്നും എന്നാൽ യഥാസമയം ഇക്കാര്യം ലോക്കൽ ഫണ്ട് ആഡിറ്റിനെ അറിയിക്കാൻ സാധിക്കാതെ വന്നതുമൂലമാണ് പരാമർശമുണ്ടായതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

25. ബന്ധപ്പെട്ട സെക്രട്ടറിയുടെ ഡി.സി.ആർ.ജി. യിൽ നിന്നും തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും അക്കാര്യം യഥാസമയം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിക്കാൻ കഴിയാതിരുന്നതിനാലാണ് ആഡിറ്റ് പരാമർശമുണ്ടായതെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ആഡിറ്റ് തടസ്സങ്ങളുമായി ബന്ധപ്പെട്ട് എത്ര തുകയാണ് ടിയാന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കിയിട്ടുള്ളത് എന്നീ കാര്യങ്ങൾ വ്യക്തമായി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## നിരണം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പണം പിൻവലിക്കലുകൾ-അനധികൃതമായി നടത്തിയവ

"പഞ്ചായത്തിൽ നിക്ഷിപ്തമായ ഫണ്ടിൽ നിന്നും മതിയായ കാരണങ്ങളോ, ആധികാരികമായ രേഖകളോ, ഉത്തരവുകളോ, അനുവാദങ്ങളോ ഇല്ലാതെ തുകകൾ പഞ്ചായത്ത് സെക്രട്ടറിമാർ പിൻവലിക്കുകയും ചില അവസരങ്ങളിൽ നാളുകൾ കഴിഞ്ഞ്

നിരുപാധികം തിരിച്ചടയ്ക്കുകയും ചെയ്ത അനധികൃത പണമിടപാടുകൾ ആഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ധനപരമായ പ്രവർത്തനങ്ങളിലെ അച്ചടക്കരഹിതവും അനധികൃതവുമായ ഈ പ്രവർത്തനങ്ങൾക്ക് ഇടയാക്കുന്നവർ പഞ്ചായത്തുകളിൽ ലഭ്യമാകുന്ന 'പബ്ലിക് മണിയുടെ' ദുർവിനിയോഗമാണ് നടത്തുന്നത്."

**ഓഡിറ്റ് ഖണ്ഡിക**

(i) ചെക്കിന്റെ വരവും ചെലവും പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്താതിരിക്കൽ

നിരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10,560 രൂപയുടെ ചെക്ക് അനാഥ/അഗതി പെൻഷൻ ഫണ്ട് വിതരണത്തിനായി ജില്ലാ കളക്ടർ അയച്ചുകൊടുത്തിട്ടുണ്ടായിരുന്നു. പ്രസ്തുത ചെക്ക് 22-12-1996-ൽ സെക്രട്ടറി കൈപ്പറ്റിയിട്ടുള്ളതായി ചെക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ ആവശ്യത്തിനായി 10,560 രൂപ സെക്രട്ടറി പഞ്ചായത്തു ഫണ്ടിൽ നിന്നും സെൽഫ് ചെക്ക് മുഖാന്തിരം പിൻവലിച്ചു വിതരണം ചെയ്തു. ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച 21-12-1996-ലെ 4 (ബി) നം. 408502-ാം നമ്പർ 10,560 രൂപയുടെ ചെക്ക് 3-2-1997-ൽ സെക്രട്ടറി മാറി എടുക്കുകയും ചെക്കിന്റെ വരവും ചെലവും പഞ്ചായത്തു ഫണ്ടിൽ ഉൾപ്പെടുത്താതെ തുക ദുരുപയോഗം ചെയ്യുകയും ചെയ്തു.

**ഓഡിറ്റ് ഖണ്ഡിക**

(ii) രേഖകളില്ലാതെ പണം ദുർവിനിയോഗം ചെയ്യൽ

1996-97-ലെ ചെലവു രജിസ്റ്റർ പരിശോധനയിൽ 15-1-97-ലും 16-1-1997-ലും യഥാക്രമം 5,000 രൂപ, 10,000 രൂപ എന്നീ തുകകൾ സെൽഫ് ചെക്ക് പ്രകാരം മാറി എടുത്തതായി കാണുന്നു. ഇതിന്റെ ചെലവിനെ സംബന്ധിച്ച വൗച്ചറുകളോ മറ്റു രേഖകളോ ഒന്നും തന്നെ പഞ്ചായത്താഫീസിൽ ലഭ്യമല്ല. ചെലവിനത്തെപ്പറ്റിയുള്ള വിശദീകരണങ്ങൾ പോലും ലഭിച്ചിട്ടില്ല. പണം ദുർവിനിയോഗം ചെയ്തതായി കണക്കാക്കാം.

**ഓഡിറ്റ് ഖണ്ഡിക**

(iii) വൗച്ചറുകളില്ലാതെ ചെക്ക് മാറൽ

1996-97 വർഷത്തിൽ നിരണം ഗ്രാമപഞ്ചായത്തിൽ വൗച്ചറുകൾ ഇല്ലാതെ 50,315 രൂപയ്ക്കുള്ള ചെക്ക് സെക്രട്ടറി മാറി എടുത്തിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക II IV-4]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ സി-160/2000 നമ്പർ കത്ത് പ്രകാരം നിരണം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

26. "ഉത്തരവാദിയായ സെക്രട്ടറി ശ്രീ. മണികണ്ഠൻ നായർക്ക് ആഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ 3-2-01-ൽ അയച്ചുകൊടുത്തു. 3-1-2002, 3-1-2003 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പുകളും അയച്ചു. നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ഈ വിവരങ്ങൾ 3-1-2003-ന് ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

27. (i) 10,560 രൂപ 2155-ാം നമ്പർ ചെല്ലാൻ പ്രകാരം 29-3-1997-ന് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ വന്നതായി പാസ്സ് ബുക്കിലും, ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരവാദിയായ സെക്രട്ടറി ശ്രീ. മണികണ്ഠൻ നായരിൽ നിന്നും തുക യഥാസമയം അടയ്ക്കാതിരുന്നതിന്റെ വിശദീകരണം ലഭിച്ചിട്ടില്ല.

28. (ii) & (iii) ഉത്തരവാദിയായ സെക്രട്ടറി ശ്രീ. മണികണ്ഠൻ നായർക്ക് 3-2-2001-ൽ ആഡിറ്റിന്റെ പ്രസക്ത ഭാഗങ്ങൾ അയച്ചു കൊടുക്കുകയും, മറുപടിയില്ലാത്തതിനാൽ ഓർമ്മക്കുറിപ്പുകളയയ്ക്കുകയും ചെയ്തെങ്കിലും, നാളിതുവരെ മറുപടി ലഭിച്ചില്ല. വിവരം പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 3-1-2003-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. മണികണ്ഠൻ നായരുടെ ഡി.സി.ആർ.ജി. യിൽ നിന്നും നഷ്ടത്തുക ഈടാക്കി നല്കുവാൻ ബഹു. പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്."

29. പ്രസ്തുത ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി 4/98-ൽ പെൻഷനായെന്നും ഇതു സംബന്ധിച്ച് കത്തയച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭിച്ചില്ലെന്നും ടിയാന്റെ ഡി.സി.ആർ.ജി. യും എൻ.എൽ.സി.യും കൊടുത്തിട്ടില്ലായെന്നും സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഉത്തരവാദിയായ സെക്രട്ടറിയുടെ ഡി.സി.ആർ.ജി. യിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിക്കണമെന്ന് ഉത്തരവു കൊടുത്തുവെങ്കിലും പെൻഷൻ അനുവദിക്കേണ്ട ബന്ധപ്പെട്ട ഡി.ഡി.പി. അതിന്മേൽ നടപടി സ്വീകരിച്ചില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

30. ഇതു സംബന്ധിച്ച ഫയലുകളും മറ്റനുബന്ധ രേഖകളുമുൾപ്പെടെയെല്ലാം വിശദമായി പരിശോധിച്ച ശേഷം പഞ്ചായത്ത് ഡയറക്ടർക്ക് അടിയന്തിരമായി റിപ്പോർട്ട് നൽകി വിവരം സമിതിയെ അറിയിക്കണമെന്ന് ഡി.ഡി.പി.യ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

31. ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. മണികണ്ഠൻ നായരുടെ ഡി.സി.ആർ.ജി. യിൽ നിന്നും തുക തിരിച്ചു പിടിക്കാൻ ഉത്തരവ് നല്കിയിട്ടും പ്രസ്തുത തുക ഈടാക്കാൻ പത്തനംതിട്ട ഡി.ഡി.പി. നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഡി.ഡി.പി.യുടെ ഇക്കാര്യത്തിലുള്ള വീഴ്ചയെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

32. ഇതു സംബന്ധിച്ച ഫയലുകളും മറ്റനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

33. ഇതിനു പുറമേ, പഞ്ചായത്തിനു നഷ്ടമായ തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ഡി.സി.ആർ.ജി. യിൽ നിന്നും അടിയന്തിരമായി ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## കുന്നന്താനം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

കുടിൽ വ്യവസായ പദ്ധതിയിൽ പാഴ്ച്ചെലവ്

"കുന്നന്താനം ഗ്രാമപഞ്ചായത്തിൽ 1997-98 വർഷം പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കുടിൽ വ്യവസായത്തിന് ധനസഹായം നൽകാനുള്ള 3,45,000 രൂപയുടെ പദ്ധതി ഇനത്തിൽ 6/98-ലെ 65-ാം നമ്പർ വൗച്ചർ പ്രകാരം 2,50,000 രൂപ അങ്കമാലി ബാംബൂ കോർപ്പറേഷന് ഈറ്റയുടെ വിലയായി ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ നാളിതുവരെ ഈറ്റ ലഭ്യമാകുകയോ പഞ്ചായത്തിൽ നിന്നും അതിനുള്ള നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

പദ്ധതിപ്രകാരം ഗുണഭോക്തൃ വിഹിതമായ 50,000 രൂപ കൊണ്ട് ഷെഡ് നിർമ്മാണം നടത്തേണ്ടിയിരുന്നുവെങ്കിലും ആ തുക പിരിച്ചെടുക്കാതെ പഞ്ചായത്ത് പ്രസ്തുത ആവശ്യത്തിനായി 20,500 രൂപ (വൗച്ചർ നമ്പർ 3/10-98, 4/2-99 എന്നിവ പ്രകാരം) മറ്റ് ആവശ്യങ്ങൾക്കായി നീക്കിവച്ചിരുന്ന തുകയിൽ നിന്നും ചെലവു ചെയ്തു. ഈ തുക കുന്നന്താനം കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയതായാണ് അവകാശപ്പെടുന്നതെങ്കിലും സൊസൈറ്റി തുക കൈപ്പറ്റിയതായി രേഖ ലഭ്യമല്ല. അതിനാൽ 20,500 രൂപയുടെ ഈ ചെലവ് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. ബാംബൂ കോർപ്പറേഷനിൽ നിക്ഷേപിച്ചിരിക്കുന്ന 2,50,000 രൂപ തിരികെ ലഭ്യമാക്കുന്നതിനും അനധികൃതമായി ചെലവ് നടത്തിയ 20,500 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV 3.6.(എ)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ സി1-448/04 നമ്പർ കത്തുപ്രകാരം കുന്നന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

34. "പട്ടികജാതി/വർഗ്ഗ വിഭാഗത്തിന് കുടിൽ വ്യവസായത്തിനു വേണ്ടി ഈറ്റ സംഭരിക്കുന്നതിന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 1997-98-ൽ 2,50,000 രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ടി സംരംഭത്തിന് ഷെഡ് നിർമ്മിക്കാൻ തെരഞ്ഞെടുത്തിരുന്ന പട്ടികജാതി സഹകരണസംഘവും പട്ടികജാതി വിഭാഗവും ടി വ്യവസായത്തിന് താത്പര്യമില്ലായ്മ കാണിച്ചതിനാൽ പ്രോജക്ട് ഉപേക്ഷിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക തിരികെ നല്കണമെന്ന് കാണിച്ചുകൊണ്ടുള്ള പഞ്ചായത്തിന്റെ തീരുമാനം ബാംബൂ കോർപ്പറേഷന് 24-2-2003-ൽ നല്കിയെങ്കിലും നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല.

35. ഷെഡു നിർമ്മാണത്തിന് കുന്നന്താനം പട്ടികജാതി സഹകരണ സംഘം സെക്രട്ടറിക്ക് രണ്ടു തവണകളിലായി 20,500 രൂപ നല്കിയിരുന്നു. ഷെഡു നിർമ്മാണം പൂർത്തിയാക്കാതിരുന്നതിനാൽ ടി തുക റവന്യൂ റിക്കവറി നടത്തികിട്ടുന്നതിനായി ബഹു. ജില്ലാ കളക്ടർക്ക് 12-7-2002-ൽ അപേക്ഷ നല്കിയിരുന്നു. തുക തിരികെ ലഭിച്ചു തുടങ്ങിയിട്ടില്ല."

36. ആഡിറ്റിൽ പരാമർശിച്ചിരിക്കുന്ന ഷെഡ് കെട്ടിയിട്ടുണ്ടോയെന്നും സൊസൈറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും സമിതി തെളിവെടുപ്പ് യോഗത്തിൽ കുന്നന്താനം പഞ്ചായത്ത് സെക്രട്ടറിയോട് അന്വേഷിച്ചു. ഇതു സംബന്ധിച്ച തുക തിരികെ കിട്ടുന്നതിനായി ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് 12-7-2002-ൽ നിർദ്ദേശം കൊടുത്തുവെന്നും ഷെഡിനായുള്ള അടിത്തറ കെട്ടിയിട്ടുണ്ടെന്നും 10 സെന്റ് സ്ഥലവും ഓഫീസും സൊസൈറ്റിയ്ക്കുണ്ടെന്നും ഇപ്പോൾ പുതിയ ഭരണ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

37. വൈദ്യുതി ബോർഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർക്കിനായി നിക്ഷേപിച്ചിട്ടുള്ള തുക ലഭ്യമാക്കിയിട്ടില്ലെങ്കിൽ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചു നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ബാംബൂ കോർപ്പറേഷനിൽ നിന്നും തുക ലഭിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് എഴുതി നടപടി സ്വീകരിക്കണമെന്നും ഡി.ഡി.പി.യും പഞ്ചായത്ത് സെക്രട്ടറിയും കൂടി പുതിയ സൊസൈറ്റി ഭാരവാഹികളുമായി ചർച്ച നടത്തി പദ്ധതി പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കണമെന്നും, പുനരുദ്ധാരണ ശ്രമം പരാജയപ്പെടുകയാണെങ്കിൽ കളക്ടറെ നേരിട്ട് കണ്ട് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യപ്പെടണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

38. ഈറ്റയ്ക്കു വേണ്ടി ബാംബു കോർപ്പറേഷനിൽ നിക്ഷേപിച്ചിരുന്ന 2,50,000 രൂപ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 4-10-2005-ലെ 326655, 326656, 326657 നമ്പറുകളിലുളള ചെക്കുകൾ പ്രകാരം 13-10-2005-ന് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടെന്ന് കുന്നന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22-10-2005-ലെ സി1-448/04 നമ്പർ കത്തുപ്രകാരം സമിതിയെ അറിയിച്ചിട്ടുണ്ട്.

39. കൂടാതെ, ഷെഡ് നിർമ്മാണത്തിന് കുന്നന്താനം പട്ടികജാതി സഹകരണ സംഘം സെക്രട്ടറി ശ്രീ. ഐ. കെ. സജിയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നടന്നുവരവെ ടിയാൻ തിരുവല്ല മുൻസിഫ് കോടതിയിൽ ഒ.എസ്.204/03 നമ്പറായി അന്യായം ഫയൽ ചെയ്തിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടികൾ താല്ക്കാലികമായി നിറുത്തി വച്ചിരിക്കുകയാണെന്ന് മല്ലപ്പള്ളി തഹസീൽദാർ റിപ്പോർട്ട് നൽകിയതായിട്ടുള്ള വിവരവും കത്തിൽ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

40. കുന്നന്താനം പട്ടികജാതി സഹകരണസംഘം സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കുന്നതിനായി മല്ലപ്പള്ളി തഹസീൽദാർ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടിയാൻ മുനിസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, കേസ് വിധി ആയെങ്കിൽ വിധി എന്താണെന്നുമുള്ള വിവരവും സമിതിക്ക് ലഭ്യമാക്കണമെന്നും വിധിയായിട്ടില്ലെങ്കിൽ കേസ് യഥാസമയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

മരാമത്ത് പണി-മൂല്യ നിർണ്ണയത്തേക്കാൾ അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.

1997-98-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന നാലു റോഡുപണികൾ പഞ്ചായത്ത് നേരിട്ട് നടത്തി 98-99-ൽ പൂർത്തീകരിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഫയലുകളും, അളവു പുസ്തകങ്ങളും വർക്കുബിൽ രജിസ്റ്ററും പരിശോധിച്ചതിൽ അളവു പുസ്തകത്തിലെ മൂല്യ നിർണ്ണയത്തിനേക്കാൾ കൂടുതലായി 22,496 രൂപ ചെലവഴിച്ചതായി കാണുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.3.6.(ബി)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ സി1-448/04 നമ്പർ കത്തുപ്രകാരം കുന്നന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

41. "1997-98-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന നാലു പ്രവർത്തികൾക്കായി മൂല്യ നിർണ്ണയത്തേക്കാൾ അധികം നല്കിയ 22,496 രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കണം എന്നു കാണിച്ച് ബന്ധപ്പെട്ട സെക്രട്ടറിക്ക് ആഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം സഹിതം 12-8-2004-ൽ കത്ത് നൽകിയിട്ടുണ്ട്. തുക തിരികെ ലഭിച്ചിട്ടില്ല".

42. ബന്ധപ്പെട്ട സെക്രട്ടറി റിട്ടയറാകുന്നതിന് മുമ്പ് തന്നെ നോട്ടീസ് കൊടുത്തുവെങ്കിലും ടിയാനിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹത്തിന് ബാധ്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്നും കുന്നന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി യോഗത്തിൽ വെളിപ്പെടുത്തി.

43. മരാമത്ത് പണികൾക്കായി അളവു പുസ്തകത്തിലെ മൂല്യനിർണ്ണയ ത്തിനേക്കാൾ കൂടുതലായി നൽകിയ തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിക്കെതിരെ ബാദ്ധ്യത നിശ്ചയിച്ച് നോട്ടീസ് നല്കുന്നതുൾപ്പെടെയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

44. 1997-98-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് നേരിട്ട് നടത്തി 1998-99-ൽ പൂർത്തീകരിച്ചതായ പ്രസ്തുത റോഡുപണികൾക്ക് അളവു പുസ്തകത്തിലെ മൂല്യനിർണ്ണയത്തിനേക്കാൾ കൂടുതലായി നൽകിയ 22,496 രൂപ ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനായി ടിയാന്റെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് നോട്ടീസ് നല്കി റിക്കവറി നടപടികൾ അടിയന്തിരമായി സ്വീകരിക്ക ണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പൊതുമരാമത്ത് പണിയിൽ ക്രമക്കേടുകൾ

പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 1998-99-ലെ ചെലവുകളുടെ ആഡിറ്റിൽ പൊതുമരാമത്തു പണികളുടെ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1997-98-ലെ വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഉപയോഗപ്പെടുത്തിയ പണികൾ മിക്കവയും 1998-99-ലാണ് പൂർത്തിയാക്കിയിരിക്കുന്നത്. പഞ്ചായത്തു നേരിട്ടു നടത്തിയ പ്രസ്തുത ജോലികളുടെ മൂല്യം വർദ്ധിച്ച നിരക്ക് പ്രകാരം പെരുപ്പിച്ച് കാണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വ്യാജമായി വൗച്ചറുകൾ തയ്യാറാക്കി പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്തതായും കാണുന്നു.

മൂല്യം നിർണ്ണയിക്കുന്നതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ ചില ഇനങ്ങളുടെ നിരക്കും അവയ്ക്ക് ജില്ലാതല വിദഗ്ദ്ധ സമിതി നിശ്ചയിച്ച പരമാവധി നിരക്കും തമ്മിൽ വളരെ അധികം വ്യത്യാസങ്ങൾ കണ്ടിട്ടുണ്ട്. തദ്ദേശഭരണ വകുപ്പിന്റെ 23-10-1998-ലെ ഉത്തരവ് നം.218/98/തഭവ. പ്രകാരം ടാറിടൽ ഇല്ലാതുള്ള റോഡ് പണിക്ക് പ്രാദേശിക നിരക്കിലുള്ള മൂല്യം നിശ്ചയിക്കുമ്പോൾ അത് പൊതുമരാമത്ത് നിരക്കിലുള്ള അടങ്കൽ തുകയേക്കാൾ പരമാവധി 25%-ൽ കൂടുതൽ ആകാൻ പാടില്ലാത്തതാണ്. പ്രസ്തുത പരിധി ലംഘിച്ച് താഴെപ്പറയുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ച് കാണുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.3.7]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ പി-25/2000 നമ്പർ കത്തു പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

45. "ഖണ്ഡിക 42-ലെ ആഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിനുള്ള ആദ്യ മറുപടി 2-1-2001-ലെ പി-25/2000 നമ്പർ കത്തു പ്രകാരം പത്തനംതിട്ട ജില്ലാ ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു.

46. ബഹു. കേരള സർക്കാരിന്റെ 23-12-2004-ലെ നമ്പർ 16255/എൽ.എഫ്. എ.സി.-3/04/ലെജി. കത്തിന്റെ അടിസ്ഥാനത്തിൽ 1998-99 കാലത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എൻ. ഹരിബാലനിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടു.

47. ടി റിപ്പോർട്ട് 5-1-2005-ൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയിലെ ആഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് 10-1-2005-ൽ പി-25/2000 കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചു.".

48. ഈ പ്രവൃത്തികൾ സ്പിൽ ഓവർ വർക്കായി ചെയ്തതിനാൽ ജി.ഒ.(പി). 218/98 തീയതി 23-10-1998 പ്രകാരം 50% അധിക നിരക്കിന് അർഹതയുണ്ടെന്നും അതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ലോക്കൽ ഫണ്ട് ആഡിറ്റിൽ മറുപടി നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച എല്ലാ ഫയലുകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്ക് നൽകുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

49. 1996-ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ 1997-98-ൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തികൾ 98-99 വർഷമാണ് പൂർത്തീകരിച്ചിരിക്കുന്നത്. സെക്രട്ടറി നേരിട്ട് നിർവ്വഹിച്ച പ്രവൃത്തികൾക്ക് 96-ലെ ഷെഡ്യൂൾ നിരക്കിനെക്കാൾ 50% വരെ കൂടുതൽ തുക ചെലവാക്കാമായിരുന്നു. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ വൗച്ചറുകളും മറ്റു അനുബന്ധരേഖകളും ഭൂരിഭാഗവും വ്യാജവും തിരുത്തൽ വരുത്തിയിട്ടുള്ളതുമാണ്. സെക്രട്ടറി നേരിട്ടു നടത്തിയിട്ടുള്ള ഈ പ്രവൃത്തികളുടെ ചെലവ് 96-ലെ ഷെഡ്യൂൾ നിരക്കിനേക്കാൾ 50% കൂടുതൽ ചെലവഴിച്ചിട്ടുണ്ടെന്ന് വരുത്തി തീർക്കുന്നതിന് കൃത്രിമ രേഖകൾ ചമച്ചിട്ടുള്ളതാണെന്ന് വ്യക്തമാകുന്നു ണ്ടെന്നും യഥാർത്ഥ ചെലവ്, രജിസ്റ്ററിൽ കാണിച്ചിട്ടുള്ള ചെലവിനേക്കാൾ വളരെ കുറവാണെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്നും മനസ്സിലാക്കാം. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ഈ ആറു മരാമത്ത് പ്രവൃത്തികളിൽ അഞ്ചെണ്ണത്തിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായാണ് മനസ്സിലാവുന്നത് എന്ന മറുപടിയാണ് ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11-3-2005-ലെ എൽ.എഫ്. 25803 (1) സ്പെ.സെ. (ജി1) 2004 നമ്പരായുള്ള കത്തു മുഖേന സമിതിക്ക് ലഭിച്ചത്.

## നിഗമനങ്ങൾ/ശുപാർശകൾ

50. ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും മറ്റനുബന്ധരേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വീണ്ടും പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും ഇതിന്മേൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി ഉത്തരവാദിയായവർക്കെതിരെ നഷ്ടം വസൂലാക്കുന്നതിനുൾപ്പെടെയുള്ള നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണ പദ്ധതികൾ-അപാകതകൾ

"വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിലെ 1998-99-ലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ആഡിറ്റ് കണ്ടെത്തിയ ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓരോ പദ്ധതിക്കും എത്ര രൂപ ചെലവായി എന്നോ എല്ലാ പദ്ധതികൾക്കുമായി 1998-99-ൽ എത്ര തുക ചെലവായിട്ടുണ്ടെന്നോ കൃത്യമായി ഒരു രേഖയിൽ നിന്നും ലഭ്യമായിട്ടില്ല. അപൂർണ്ണമായ കാഷ് ബുക്കുകളും വൗച്ചറുകളും ആധികാരികതയില്ലാ ത്തവയാണ്.

പ്രസിഡന്റ് ഒരു പേയ്മെന്റും അംഗീകരിച്ചതായി വൗച്ചറുകളിൽ കൈയൊപ്പ് കാണുന്നില്ല. 20,000 രൂപയിലധികം ചെലവു വരുന്ന പർച്ചേസുകൾക്ക് പത്രപരസ്യം ക്ഷണിച്ചു കാണുന്നില്ല. ഉദാ: അമ്പാടൻ വെസൽസിൽ നിന്നും പാത്രങ്ങൾ വാങ്ങിയത് 29,000 രൂപ 3/99-ൽ അനുവദിച്ചത് വെള്ളക്കടലാസിലുള്ള ഏക ക്വട്ടേഷനെ അടിസ്ഥാനമാക്കിയാണ്.

31-3-1999-ൽ ക്യാഷ്ബുക്ക് ക്ലോസു ചെയ്യുകയോ നീക്കിയിരിപ്പോ, ആകെ ചെലവോ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഈ ക്യാഷ് ബുക്കോ, ചെക്ക് ഇഷ്യൂ രജിസ്റ്ററോ കയ്യൊപ്പ് ഇട്ട് കാണുന്നില്ല. 31-3-1999-ലെ നീക്കിയിരിപ്പ് തുക ട്രഷറി ബാലൻസുമായി പൊരുത്തപ്പെട്ടു കാണുന്നില്ല.

ഗ്രാമസഭകളുടെ മിനിട്ട്സിൽ ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ മിനിട്ട്സിലും കർമ്മ സമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചു എന്ന ഒറ്റ വാചകം മാത്രമാണ് കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഗ്രാമസഭകൾ തെരഞ്ഞെടുത്തവർക്ക് തന്നെയാണോ ആനുകൂല്യങ്ങൾ അനുവദിച്ചതെന്ന് ഇതുമൂലം പരിശോധിക്കാൻ കഴിയാതെ വരുന്നു.

ഇതിനെല്ലാം ഉപരിയായി 1997-98-ൽ ലഭിച്ച ആകെ തുകയിൽ നിന്നും ചെലവ്, നീക്കിയിരിപ്പ് ഇവയൊന്നും തന്നെ ഒരു രജിസ്റ്ററിൽ നിന്നും ലഭ്യമായിട്ടില്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും തനതുഫണ്ടും കൈകാര്യം ചെയ്യുമ്പോൾ ആവശ്യം പാലിക്കേണ്ട ധനവിനിയോഗ ചട്ടങ്ങൾ എല്ലാം തന്നെ ലംഘിക്കപ്പെട്ടിരിക്കുന്നതായി കാണുന്നു.

താഴെ പറയുന്ന തുകയിൽ കണ്ടിജന്റ് ബില്ല് പ്രകാരം "സെൽഫ്" ആയി മസ്റ്റർ റോൾ എന്നുമാത്രം എഴുതി പിൻവലിച്ചിരിക്കുന്നു. എന്നാൽ ഇവയുടെ മസ്റ്റർ റോൾ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. ജോലിയുടെ പേര്, ചെയ്ത തീയതി ഇവയൊന്നും കാണിക്കാതെ കണ്ടിജന്റ് ബില്ലിൻ പ്രകാരം തുക പിൻവലിച്ചിരിക്കയാണ്. ബില്ലിൽ പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ടിട്ടില്ല. ഈ വക കാരണങ്ങളാൽ ഈ തുക ചെലവാക്കിയതായി ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | വൗച്ചർ | തുക |
|---|---|---|
| | 22/എ4-98 | 15,000 രൂപ |
| | 31/4-98 | 28,000 „ |
| | 38/4-98 | 10,000 „ |
| | 27/5-98 | 25,000 „ |
| | 36/6-98 | 15,000 „ |
| | 11/6-98 | 14,000 „ |
| | 32(എ)/6-98 | 2,000 „ |
| | 99/6-98 | 5,400 „ |
| | 102/6-98 | 4,600 „ |
| | ആകെ | 1,19,000 „ |

ജനകീയാസൂത്രണ പദ്ധതിയുടെ ലക്ഷ്യം തന്നെ അട്ടിമറിച്ചുകൊണ്ട് ഈ പഞ്ചായത്തിൽ പദ്ധതികൾ നടപ്പിലാക്കിയതിനെപ്പറ്റി സമഗ്രവും സൂക്ഷ്മവുമായ അന്വേഷണം അനിവാര്യമാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.3.8]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ എ1-971/2004 നമ്പർ കത്തുപ്രകാരം വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

51. "ക്യാഷ് ബുക്കും വർഷാന്ത്യ കണക്കും തയ്യാറാക്കി വച്ചിട്ടുണ്ട്" എന്ന് ആദ്യ മറുപടി നൽകിയിട്ടുണ്ട്. അടുത്ത അഭിപ്രായം പ്രതീക്ഷിക്കുന്നു.

52. പ്രസിഡന്റ് എല്ലാ പേയ്മെന്റും അംഗീകരിച്ചിട്ടുണ്ട്. അടുത്ത പരിശോധനയിൽ കാണിക്കുവാൻ കഴിയും.

53. പ്രസിഡന്റും സെക്രട്ടറിയും എല്ലാ വൗച്ചറുകളും ഒപ്പിട്ടിട്ടുണ്ട്. അടുത്ത പരിശോധനയിൽ കാണിക്കുവാൻ കഴിയും.

54. എസ്സ്.എസ്സ്.ഐ. രജിസ്ട്രേഷൻ ഉള്ള സ്ഥാപനമായതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നത്. അടുത്ത അഭിപ്രായം പ്രതീക്ഷിക്കുന്നു. പിന്നീട് പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

55. ആദ്യ മറുപടി "ജനകീയാസൂത്രണ കർമ്മസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച് ഓരോ പ്രോജക്ടിനുമുള്ളവ വെവ്വേറെ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്". വെവ്വേറെ രജിസ്റ്ററുകൾ ഉള്ളതുകൊണ്ടാണ് ഗ്രാമസഭാ മിനിട്ട്സിൽ കർമ്മ സമിതി അംഗീകരിച്ച ലിസ്റ്റ് അംഗീകരിച്ചു എന്നെഴുതിയത്. അടുത്ത ആഡിറ്റിൽ ബോദ്ധ്യപ്പെടുത്താവുന്നതാണ്.

56. വർഷാന്ത്യകണക്ക് അംഗീകാരം വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. അടുത്ത ആഡിറ്റിൽ ബോദ്ധ്യപ്പെടുത്തുന്നതാണ്.

57. താഴെപ്പറയുന്ന ആദ്യ മറുപടി സമർപ്പിച്ചിട്ടുണ്ട്. "മസ്റ്റർ റോൾ ഫയൽ ചെയ്തിട്ടുള്ളതാണ്. ന്യൂനത പരിഹരിച്ചിട്ടുണ്ട്. മസ്റ്റർ റോളിൽ പ്രസിഡന്റും സെക്രട്ടറിയും ഒപ്പു വച്ചിട്ടുണ്ട്.

58. എല്ലാ വർക്കുകൾക്കും മെഷർമെന്റ് റിക്കാർഡു ചെയ്യുകയും ബില്ലു പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത പരിശോധനയിൽ ബോദ്ധ്യപ്പെടുത്താവുന്നതാണ്".

59. പദ്ധതി നടത്തിപ്പിൽ ആഡിറ്റിംഗ് കണ്ടെത്തിയ വീഴ്ചകൾക്കുള്ള മറുപടി നൽകാതിരുന്നതിനെക്കുറിച്ച് സമിതി തെളിവെടുപ്പ് യോഗത്തിൽ ആരാഞ്ഞു. ആദ്യ ഓഡിറ്റിന് 15-6-2001-ൽ മറുപടി കൊടുത്തുവെന്നും പിന്നീട് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ നിന്നും റിമാർക്സ് ഒന്നും ലഭിച്ചില്ലായെന്നും ആദ്യമറുപടിയെ

അടിസ്ഥാനമാക്കി വീണ്ടും വിശദീകരണം ചോദിക്കുമ്പോഴാണ് ബാദ്ധ്യത നിശ്ചയിക്കുന്നതെന്നും പഞ്ചായത്തിന്റെ 10 വർഷത്തെ വാർഷിക കണക്കുകൾ കുടിശ്ശികയാണെന്നും വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

60. ആഡിറ്റ് പരാമർശങ്ങളിൽമേലുള്ള പ്രാഥമിക റിപ്പോർട്ട് ലഭിക്കാത്തതുകൊണ്ട് തുടർന്നുള്ള പരിശോധനകളും മറ്റും നടത്താൻ ലോക്കൽഫണ്ട് ഓഡിറ്റിന് സാധിക്കുന്നില്ല. ആയതിനാൽ പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ 27-1-2005-ന് മുമ്പായി പത്തനംതിട്ട ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കു നൽകുവാൻ വടശ്ശേരിക്കര പഞ്ചായത്ത് സെക്രട്ടറിയോടും പ്രസ്തുത ഫയലുകളും രേഖകളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽഫണ്ട് ഡയറക്ടറോടും സമിതി നിർദ്ദേശിച്ചിരുന്നു.

61. വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ ഫയലുകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫോൺ മുഖേന പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെന്നും സ്ഥാപനത്തിന്റെ 1991-92 മുതൽ 2003-04 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ലായെന്നത് ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയമാണെന്നും അക്കൗണ്ട് ഹാജരാക്കാത്തതിനെ സംബന്ധിച്ച് 7-10-2004-ൽ അയച്ച കത്തിനും 6-11-2004-ലെ കാരണം കാണിക്കൽ നോട്ടീസിനും അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ലായെന്നാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11-3-2005-ലെ എൽ.എഫ്.25803(1)/സ്പെ.സെൽ (ജി.1)/2004 നമ്പർ കത്ത് പ്രകാരം സമിതിയ്ക്ക് ലഭിച്ച മറുപടി.

## നിഗമനങ്ങൾ/ശുപാർശകൾ

62. സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഗ്രാന്റുകളും തനതുഫണ്ടും കൈകാര്യം ചെയ്യുമ്പോൾ ആവശ്യം പാലിക്കേണ്ട ധനവിനിയോഗ ചട്ടങ്ങൾ എല്ലാം ലംഘിച്ചു കൊണ്ടാണ് ഇവിടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് ഇതു സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്മേൽ പ്രഥമ മറുപടി ലഭ്യമാക്കാത്തതിനാൽ ലോക്കൽ ഫണ്ട് ആഡിറ്റിന് തുടർന്നുള്ള പരിശോധനകളും തടസ്സപ്പെട്ടിരിക്കുകയാണെന്നും സമിതി വിലയിരുത്തി. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ 27-1-2005-ന് മുമ്പായി പത്തനംതിട്ട ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും പ്രസ്തുത ഫയലുകൾ സെക്രട്ടറി ആഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ ഇതു സംബന്ധിച്ച എല്ലാ ഫയലുകളും മറ്റനുബന്ധ രേഖകളുമുൾപ്പെടെ പത്തനംതിട്ട ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി സമർപ്പിക്കുന്നതിനും വിവരം സമിതിയെ അറിയിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

63. കൂടാതെ പ്രസ്തുത ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ആഡിറ്റ് കണ്ടെത്തിയ ഗുരുതരമായ വീഴ്ചകൾക്കെതിരെ വകുപ്പുതലത്തിൽ സമഗ്രവും സൂക്ഷ്മവുമായ ഒരന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സീതത്തോട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ഉരുൾപൊട്ടൽ—മണ്ണ് നീക്കം ചെയ്തതിന് അധിക തുക നൽകി

"സീതത്തോട് ഗ്രാമ പഞ്ചായത്തിൽ ഉരുൾപൊട്ടിയതിന്റെ ഫലമായുണ്ടായ മണ്ണ് നീക്കം ചെയ്യുന്നതിന് കരിങ്കുറ്റിയിൽ ഏജൻസീസ് വക ജെ.സി.ബി.യും ടിപ്പർ ലോറിയും 15-7-1998 മുതൽ 23-7-1998 വരെ പ്രവർത്തിപ്പിച്ചതിന് 28-8-1998-ൽ വൗച്ചർ നം.125/8-98 പ്രകാരം 1,56,851 രൂപ നൽകിയതിന് വീണ്ടും 18-7-1998 മുതൽ 21-7-1988 വരെ പണി ചെയ്തു എന്ന പേരിൽ 44,937 രൂപ 11/98-ലെ വൗച്ചർ നമ്പർ 48 പ്രകാരം 26-11-98-ൽ നൽകുകയുണ്ടായി. എന്നാൽ രണ്ടാമത്തെ ചെലവിനാസ്പദമായ ജോലി ചെയ്തിട്ടില്ലായെന്നും സെക്രട്ടറിയെ തെറ്റിദ്ധരിപ്പിച്ച് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും മുൻ പ്രസിഡന്റും കൂടി 44,937 രൂപയുടെ ചെക്ക് നിർബന്ധമായി നൽകിയതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഔദ്യോഗിക പദവി വഹിക്കുന്ന ഭരണസമിതിയംഗങ്ങളുടെ നിരുത്തരവാദപരമായ പ്രവർത്തനത്താൽ പഞ്ചായത്തിന് 44,937 രൂപ നഷ്ടം സംഭവിച്ചതായി കാണുന്നു. ഈ ഇടപാടിനെ സംബന്ധിച്ച് ഒരന്വേഷണം ആവശ്യമാണ്".

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.3.9]

ആഡിറ്റ് ഖണ്ഡികയ്ക്ക് 13-1-2002-ലെ എസ്.1-23/2005 നമ്പർ കത്തുപ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

64. "പഞ്ചായത്തിന് നഷ്ടമായ 44,937 രൂപ അടയ്ക്കുന്നതിന് മുൻ പഞ്ചായത്ത് പ്രസിഡന്റായ ശ്രീ. ഉമ്മർകുട്ടി ബാബൂഖാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പരമേശ്വരക്കുറുപ്പ് എന്നിവർക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

65. ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടറുടെ 29-10-2002-ലെ ഡി6-10315/99/02 നമ്പർ ഉത്തരവനുസരിച്ച് സെക്രട്ടറി ശ്രീ. കെ. ജി. ശശരിധരൻ നായരുടെ സേവന കാലയളവിലെ അവസാന വർഷത്തെ ശമ്പള വർദ്ധനവിന് തുല്യമായ തുക ഒന്നിച്ച് ടിയാന്റെ ഡി.സി.ആർ.ജി-യിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവായിരിക്കുന്നതും ടിയാനെതിരെ തുടർന്ന് വന്ന ശിക്ഷണ നടപടികൾ തീർപ്പാക്കി ഉത്തരവായിട്ടുള്ളതുമാണ്".

66. ആഡിറ്റിൽ കണ്ട ക്രമക്കേടുകൾക്ക് ഉത്തരവാദിയായ സെക്രട്ടറിയുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ ഉത്തരവായതനുസരിച്ച് ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കിയോയെന്നും അതു സംബന്ധിച്ച ഡയറക്ടറുടെ ഉത്തരവ് കൊണ്ടുവന്നിട്ടുണ്ടോയെന്നും തെളിവെടുപ്പു യോഗത്തിൽ സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആരാഞ്ഞു. ബന്ധപ്പെട്ട സെക്രട്ടറി 2002-ൽ വിരമിച്ചുവെന്നും എൽ.പി.സി. കൊടുക്കാത്തതുകൊണ്ട് ഗ്രാറ്റുവിറ്റി കൊടുത്തിട്ടില്ലെന്നും 1997 മുതൽ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിജിലൻസ് കേസുണ്ടെന്നും അതുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസിന്റെ കൈവശമാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

67. ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തുക ഈടാക്കാൻ ഉത്തരവായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

68. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക അന്നത്തെ സെക്രട്ടറി ശ്രീ. കെ. ജി. ശശിധരൻ നായരുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത തുക ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അധികം തുകകൾ പിൻവലിച്ച് പണാപഹരണം

സീതത്തോട് ഗ്രാമപഞ്ചായത്തിൽ 1999-2000 വർഷം വിവിധ വൗച്ചറുകൾ പ്രകാരം യഥാർത്ഥത്തിൽ ആവശ്യമായതിലും അധികം തുകകൾ പിൻവലിച്ച് പണാപഹരണം നടത്തിയിട്ടുള്ളതായി കാണുന്നു. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ/ചെക്ക് നമ്പർ | അധികം തുക (രൂപ) |
|---|---|
| 4/99-ലെ 11-ാം നമ്പർ വൗച്ചർ | 55 |
| 4/99-ലെ 19-ാം നമ്പർ വൗച്ചർ | 39,076 |
| 8/99-ലെ 51 മുതൽ 54 വരെ വൗച്ചർ | 806 |
| 8/99-ലെ 26 മുതൽ 42 വരെ വൗച്ചർ | 2,542 |
| വൗച്ചർ നമ്പർ 49/10-99 | 1,250 |
| 23-12/99-ലെ 115321-ാം നമ്പർ ചെക്ക് (2237+3823) | 6,060 |
| ആകെ | 49,789 |

മുകളിൽ സൂചിപ്പിച്ച പണാപഹരണങ്ങളിൽ ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടമായ തുക പഞ്ചായത്തിലേക്ക് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 12]

ആഡിറ്റ് ഖണ്ഡികയ്ക്ക് 13-1-2005-ലെ എസ്.1-23/2005 നമ്പർ കത്തുപ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

69. "ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് അയച്ചിട്ടുണ്ട്".

70. പഞ്ചായത്തിനു നഷ്ടമായ തുക ബന്ധപ്പെട്ട സെക്രട്ടറിമാരായ ശ്രീ. കെ. ജി. ശശിധരൻ നായർ, ശ്രീ. കാർത്തികേയൻ എന്നിവരിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച നോട്ടീസ് ഇരുവർക്കും കൊടുത്തിരിക്കയാണെന്നും ശ്രീ. കാർത്തികേയൻ തിരുവനന്തപുരം ജില്ലയിൽ നിന്നുമാണ് റിട്ടയർ ചെയ്തതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

71. റിട്ടയർ ചെയ്ത മുൻ സെക്രട്ടറി ശ്രീ. കാർത്തികേയന്റെ പേരിലുള്ള ബാദ്ധ്യതകൾ നിശ്ചയിച്ച് നോട്ടീസ് അടിയന്തിരമായി കൊടുക്കണമെന്നും ഇതു സംബന്ധിച്ച വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും അറിയിക്കണമെന്ന് സെക്രട്ടറിയ്ക്ക് സമിതി നിർദ്ദേശം നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

72. <u>സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത മുൻ സെക്രട്ടറി ശ്രീ. കാർത്തികേയന്റെ കാര്യത്തിൽ ടിയാന്റെ ബാദ്ധ്യതകൾ അടിയന്തിരമായി നിശ്ചയിച്ച് നോട്ടീസ് കൊടുക്കണമെന്നും ഇതു സംബന്ധിച്ച വിവരം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

73. <u>ആഡിറ്റ് ചൂണ്ടിക്കാട്ടിയ ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.</u>

## മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

<u>മരാമത്ത് പണികൾക്ക് അധികം തുക നൽകി</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 1997-98 വർഷം ഏറ്റെടുത്ത് നടത്തിയ നാല് മരാമത്ത് പണികളിൽ 17,168 രൂപ അനധികൃതമായി അധികം നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്തു നടത്തിയ മരാമത്തു പണികളിൽ താഴെ പറയുന്ന നാലു മരാമത്തു പണികൾ 30-6-1998 കൊണ്ട് പൂർത്തിയാക്കിയതായി ഫയലിൽ രെഖപ്പെടുത്തിയിരിക്കുന്നു.

1. 31,154 രൂപ എസ്റ്റിമേറ്റ് തുകയുള്ള ഹൈസ്കൂൾപടി മുള്ളൻകുഴി കോളനി റോഡ് കോൺക്രീറ്റിംഗിന് 31,129 രൂപ ചെലവായതായി കാണുന്നു. മെഷർമെന്റ് ബുക്കിൽ ചെലവ് 32,736 രൂപ. അധികമായി രേഖപ്പെടുത്തിയിരിക്കുന്ന തുക 1,607 രൂപ.

2. 31,881 രൂപ എസ്റ്റിമേറ്റ് തുകയുള്ള കൈപ്പറ്റകോളനിയിലേക്ക് കിഴക്കേപറമ്പ് പടിക്കൽ നിന്നും പടികൾ നിർമ്മിക്കുന്നതിന് 31,532 രൂപ ചെലവ്. മെഷർമെന്റ് ബുക്കിൽ ചെലവ് 39,308 രൂപ. അധികമായി രേഖപ്പെടുത്തിയിരിക്കുന്ന തുക 7,776 രൂപ.

3. 31,507 രൂപ എസ്റ്റിമേറ്റ് തുകയുള്ള ഐക്കുന്ന് കോളനിയിലേക്കുള്ള വഴി നിർമ്മിക്കുന്നതിന് 31,412 രൂപ ചെലവ്. മെഷർമെന്റ് ബുക്കിൽ ചെലവ് 37,719 രൂപ. അധികമായി രേഖപ്പെടുത്തിയിരിക്കുന്ന തുക 6307 രൂപ.

4. 31,453 രൂപ എസ്റ്റിമേറ്റ് തുകയുള്ള മഞ്ഞത്താനം കോളനിപ്പടിക്കൽ റീടെയിനിംഗ് വാൾ കെട്ടുന്നതിന് 26,404 രൂപ ചെലവ്. മെഷർമെന്റ് ബുക്കിൽ ചെലവ് 27,882 രൂപ. അധികമായി രേഖപ്പെടുത്തിയിരിക്കുന്ന തുക 1,478 രൂപ.

എസ്റ്റിമേറ്റിനേക്കാൾ അധികം നൽകിയ തുകയായ 17,168 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

ടി പണികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുവാൻ സാധിച്ചു.

1. നാലു മരാമത്തു പണികൾക്കും മുൻകൂർ 25% നൽകിയിരിക്കുന്നത് 30-6-1998-ൽ ആണ്. പണി പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നതും 30-6-1998 നാണ്.

2. പണികൾക്ക് ആവശ്യമായ സാധനങ്ങൾ ഇറക്കിയതിന്റെ തുക ജില്ലാ കളക്ടർ അംഗീകരിച്ച ലോക്കൽ നിരക്കിലല്ല നൽകിയിരിക്കുന്നത്. സാധനങ്ങൾ ഇറക്കിയതായി എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റോ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തലുകളോ ഇല്ല. എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുകയുടെ 75% സെക്വേർഡ് അഡ്വാൻസായി നൽകാനാണ് നിയമം. എന്നാൽ ടി പണികൾക്ക് ലോക്കൽ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകിയതായി കാണുന്നു.

3. പണികളെല്ലാം 30-6-1998-ൽ പൂർത്തീകരിച്ചതായി കംപ്ലീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. മൊബിലൈസേഷൻ അഡ്വാൻസും സാധനം ഇറക്കിയതിന്റെ തുകയും എല്ലാം 30-6-1998-ൽ ആണ് നൽകിയിരിക്കുന്നത്. കൂടാതെ 29-6-1998-ൽ മല്ലപ്പള്ളി തെരപുഴ ഏജൻസിയിൽ നിന്നും സിമന്റ് വാങ്ങിയതായി ബിൽ (നം.153/ 29-6-1998) ഉണ്ട്. എന്നിരുന്നാലും പണി 30-6-1998-ൽ പൂർത്തീകരിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്നത് സംശയാസ്പദമാണ്.

4. മെഷർമെന്റ് ബുക്കിൽ ടി പണികൾ രേഖപ്പെടുത്തിയിരിക്കുന്നത് ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലാണ്. മെഷർമെന്റ് ബുക്കിലെ രേഖകൾ പൂർത്തീകരിച്ചിട്ടില്ല. മെഷർമെന്റ് ബുക്കുപ്രകാരം എസ്റ്റിമേറ്റിനേക്കാൾ കൂടിയ തുകയ്ക്കാണ് പണി പൂർത്തിയാക്കിയതായി കാണുന്നത്. മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർത്തിയാക്കാത്തതിനാലും അവസാന ബിൽ ഹാജരാക്കിയിട്ടില്ലാത്തതിനാലും തുകയിൽ നിന്നും ഈടാക്കേണ്ട നികുതികൾ കിഴിവ് വരുത്തിയിട്ടുണ്ടോ എന്നു വ്യക്തമല്ല. കൺവീനറുടെ ബാങ്ക് അക്കൗണ്ട്, മറ്റ് ചെലവിന്റെ രേഖകൾ എന്നിവ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

സാധനങ്ങൾ ഇറക്കിയതിന് ജില്ലാ കളക്ടർ അംഗീകരിച്ച ലോക്കൽ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് നൽകിയിട്ടുള്ളത്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV.9]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005 എ-645/05 നമ്പർ കത്തുപ്രകാരം മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

74. “പരാമർശ പ്രകാരമുള്ള വർക്ക് ബില്ലുകൾ, ഫയലുകൾ, അളവു പുസ്തകം എന്നിവ പരിശോധിച്ചു. യഥാർത്ഥത്തിൽ എസ്റ്റിമേറ്റു തുകയിൽ അധികരിച്ച തുക നല്കിയിട്ടില്ല എന്നു കാണുന്നു. വിശദമായ സ്റ്റേറ്റ്മെന്റ് ചേർത്തിട്ടുണ്ട്.

75. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത് നടത്തിയ ഈ നാലു പ്രവൃത്തികളിന്മേൽ 28-6-1998, 29-6-1998, 30-6-1998 എന്നീ തീയതികളിലായി ഇത്രയും ചെലവ് വന്നതെങ്ങനെയാണെന്ന് മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആരാഞ്ഞു. Passed for Rs................. ഇത്രയെന്ന് എം. ബുക്കിൽ എഴുതി ഒപ്പിടാത്തതു കൊണ്ടാണ് ആഡിറ്റ് പരാമർശം ഉണ്ടായതെന്നും വാലേഷൻ തുക മുഴുവൻ കൊടുത്തിട്ടില്ലായെന്നും Payment limited to Rs.....എന്നു കൂടി പറയേണ്ടതായിരുന്നുവെന്നും പ്രസ്തുത പദ്ധതി നടത്തിപ്പിനു 3-6-1998 മുതൽ മൂന്നുമാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് നൽകിയിരുന്ന സമയത്താണ് ഇത് നടന്നതെന്നും ഗുണഭോക്തൃസമിതി തന്നെയാണ് പദ്ധതി ഏറ്റെടുത്ത് നടത്തിയതെന്നും സെക്രട്ടറി മറുപടി നൽകി. എസ്റ്റിമേറ്റ് തുകയേക്കാൾ വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും പദ്ധതി ഭംഗിയായി പൂർത്തീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

76. ഇതു സംബന്ധിച്ച വൗച്ചറിന്റെ കോപ്പിയൊക്കെ പരിശോധിച്ച് എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലായിട്ടില്ലെന്ന് ബോദ്ധ്യം വന്നിട്ടുള്ളതാണെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

77. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റിന് ബോദ്ധ്യം വന്ന സ്ഥിതിക്ക് ഇതു സംബന്ധിച്ച ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## നെടുമ്പ്രം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ജംഗിൾ സ്റ്റോൺ വാങ്ങിയതിന് 28,596 രൂപ അധികം നൽകി.

പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾക്കായി വൗച്ചർ 17/5-97, 17എ/5-97, 43/12-97 എന്നിവ പ്രകാരം ജംഗിൾസ്റ്റോൺ വാങ്ങിയതിന് അംഗീകൃതമായ പ്രാദേശിക നിരക്കിനെക്കാൾ അധികം തുക നൽകിയതുമൂലം 28,596 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

**ഓഡിറ്റ് ഖണ്ഡിക**

മണൽ ലേലം

“1997-98 വർഷം ആറ്റു മണൽ വാരുന്നതിനുള്ള അവകാശം 2,15,600 രൂപയ്ക്ക് 20-3-1997-ൽ ലേലം ചെയ്തു നൽകി. വ്യവസ്ഥയനുസരിച്ച് ഇതിന്റെ 1/3 തുക അന്നുതന്നെ പഞ്ചായത്തിൽ അടയ്ക്കേണ്ടതായിരുന്നുവെങ്കിലും അത് പാലിച്ചിട്ടില്ല. 2,15,600 രൂപയുടെ 2.5 ശതമാനം വരുന്ന തുകയ്ക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ്

ചെയ്യണമെന്ന് വ്യവസ്ഥയും പാലിച്ചിട്ടില്ല. 22-4-1997-ൽ മണൽ ലേലത്തിന്റെ ഒന്നാം ഗഡു എന്നുകാണിച്ച് 67,000 രൂപയും 21-3-1997-ൽ 26/2525 നമ്പർ രസീത് പ്രകാരം അടച്ച 5000 രൂപ ഉൾപ്പെടെ ആകെ 72000 രൂപ അടച്ചത് മാത്രമാണ് പഞ്ചായത്തിനുള്ള വരുമാനം. പലിശ 670 രൂപയും ഉൾപ്പെടെ ആകെ 67,670 രൂപ അടച്ചതു മാത്രമാണ് ഇതിൽ നിന്ന് പഞ്ചായത്തിനുള്ള വരുമാനം. ബാക്കി തുക പഞ്ചായത്തു ഫണ്ടിൽ അടവുവരാനുള്ള 1,43,600 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് പലിശസഹിതം ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001 ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 10 & IV.17]

ആഡിറ്റ് ഖണ്ഡികയ്ക്ക് 5-1-2005-ലെ സി-198/04 നമ്പർ കത്തുപ്രകാരം നെടുമ്പ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടി:—

78. "ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001 സമാഹൃത ആഡിറ്റ് റിപ്പോർട്ടു വർഷത്തിൽ പരാമർശിച്ചിട്ടുള്ള രണ്ടു വിഷയങ്ങളും നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമായി കണക്കാക്കി അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. അരവിന്ദാക്ഷൻ ഉണ്ണിത്താനാണ് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. റിപ്പോർട്ടിന്റെ പകർപ്പ് ശ്രീ. എസ്. അരവിന്ദാക്ഷൻ ഉണ്ണിത്താന് നൽകുകയും നഷ്ടം സംബന്ധിച്ച തുക പഞ്ചായത്തിൽ ഒടുക്കണമെന്ന് ഈ ആഫീസിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. നാളിതുവരെ ടി തുക ഒടുക്കുകയോ ടിയാനിൽ നിന്നും മറുപടി ലഭിക്കുകയോ ചെയ്തിട്ടില്ല. കൈപ്പറ്റിയ രസീത് ലഭിച്ചിട്ടുണ്ട്. ടി തുക ഈടാക്കുന്നതിനുവേണ്ടി ചാർജ്ജ്/സർചാർജ്ജ് നോട്ടീസ് അയയ്ക്കുവാൻ ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തതായി അറിയുന്നു. 20-1-2005 തീയതിയിലെ യോഗം സംബന്ധിച്ച അറിയിപ്പ് ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താന് നല്കിയിട്ടുണ്ട്. ടിയാന് ബാദ്ധ്യത/ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് ഈ ഓഫീസിൽ നിന്നും നൽകിയിട്ടില്ല."

79. ബന്ധപ്പെട്ട സെക്രട്ടറി ഇപ്പോഴും സർവ്വീസിലുള്ളതുകൊണ്ട് വകുപ്പുതല നടപടി സ്വീകരിക്കുകയാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു. സർചാർജിന് പോയാൽ തുക തിരിച്ചുകിട്ടുന്നതിന് ബുദ്ധിമുട്ടാണെന്നും സർവ്വീസിലുള്ള ആളായതിനാൽ ശമ്പളത്തിൽ നിന്നും പിടിക്കുന്നതാണ് നല്ലതെന്നും പഞ്ചായത്ത് ഡയറക്ടറും സമിതിയെ അറിയിച്ചു.

80. സർചാർജ്ജ് നോട്ടീസ് ആകുന്നതോടുകൂടി വകുപ്പുതല നടപടികൾ ഒഴിവാക്കപ്പെടുന്നു. സർചാർജ്കൊണ്ട് നഷ്ടപ്പെട്ട മുതൽ തിരിച്ചുകിട്ടുക മാത്രമേയുള്ളൂ വെന്നും തെറ്റുചെയ്തതിനുള്ള നിയമ/ശിക്ഷാ നടപടികൾ ആവുന്നില്ലെന്നും എന്നാൽ ശമ്പളത്തിൽ നിന്നും തുക കണ്ടുകെട്ടാനുള്ള നിയമമുണ്ടെങ്കിൽ തുക ഈടാക്കുന്ന തോടൊപ്പം വകുപ്പുതല നടപടിയും സാദ്ധ്യമാകും എന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഇതനുസരിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

81. നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾക്കായി ജംഗിൾ സ്റ്റോൺ വാങ്ങിയ ഇനത്തിൽ അംഗീകൃത നിരക്കിനേക്കാൾ തുക അധികം നൽകിയത് സംബന്ധിച്ചും, 21-3-1997-ന് ആറ്റുമണൽ ലേലം ചെയ്തു നൽകിയതു സംബന്ധിച്ചുമുള്ള ആഡിറ്റ് തടസ്സങ്ങളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും പലിശ സഹിതം തുക തിരിച്ചുപിടിക്കുന്നതിന് ടിയാനെതിരെ സർചാർജ് പുറപ്പെടുവിച്ച് തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

82. ആഡിറ്റ് ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ സർചാർജ് നോട്ടീസ് ആവുന്നതോടുകൂടി വകുപ്പുതല നടപടികൾ ഒഴിവാക്കപ്പെടുന്നതായാണ് കണ്ടുവരുന്നത്. സർചാർജ് കൊണ്ടു നഷ്ടപ്പെട്ട മുതൽ തിരിച്ചുകിട്ടുക മാത്രമേയുള്ളൂവെന്നും തെറ്റു ചെയ്തതിനുള്ള വകുപ്പുതല നടപടികൾ ആവുന്നില്ലെന്നും സമിതി വിലയിരുത്തി. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി സർവ്വീസിലുള്ളയാളായതുകൊണ്ട്, ശമ്പളത്തിൽ നിന്നും വസൂലാക്കാനുള്ള നിയമമുണ്ടെങ്കിൽ തുക ഈടാക്കുന്നതോടൊപ്പം വകുപ്പുതല നടപടിയും സാദ്ധ്യമാകും. ആയതിനാൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ആഡിറ്റ് പ്രകാരമുള്ള നഷ്ടം ഈടാക്കുന്നതിന് ചട്ടങ്ങളിൽ ഉചിതമായ ഭേദഗതികൾ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## കവിയൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ലേലത്തുകകൾ പൂർണ്ണമായി അടച്ചില്ല

(1) വഴുവേലിൽ മണ്ണിൽ കടവ്-പാറപ്പുഴ കടവ് 4,00,500 രൂപയ്ക്ക് 15-3-1999-ൽ ലേലത്തിൽ പിടിച്ചയാൾ പഞ്ചായത്ത് ഫണ്ടിൽ 2,05,000 രൂപ മാത്രമേ അടച്ചിട്ടുള്ളൂ. ബാക്കി തുകയായ 1,95,500 രൂപ ഈടാക്കുന്നതിന് പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(2) മനച്ചിറ കടവിലെ മണൽ വാരലിന്റെ 1999-2000-ലെ ലേലത്തുകയിലും 55,750 രൂപ അടയ്ക്കാൻ ബാക്കിയുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 11]

**ഓഡിറ്റ് ഖണ്ഡിക**

മണൽ ലേലം—ലേലത്തുക പിരിഞ്ഞു കിട്ടാത്തതിനാൽ പഞ്ചായത്തിന് ഭീമമായ നഷ്ടം

പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന മാർക്കറ്റ് കടവ് വഴുവേലിൽ മണ്ണിൽ കടവ്, മനച്ചിറക്കടവ് എന്നിവ ലേലത്തിൽ എടുത്ത വ്യക്തികൾ യഥാക്രമം 70,000 രൂപ, 1,95,500 രൂപ, 55,750 രൂപ എന്നിവ കുടിശ്ശിക വരുത്തിയതായി കാണുന്നു. നിയമപരമായ നടപടി യഥാസമയം എടുക്കാതിരുന്നതിനാലാണ് ഇത്രയും തുക കുടിശ്ശിക ആയത്. ആകെ 3,21,250 രൂപ ഇതുമൂലം പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001–2002–ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.1(i)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10–1–2005–ലെ സി1–190/05 നമ്പർ കത്തുപ്രകാരം കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

83. "മണൽ ലേലം സംബന്ധിച്ച മുഴുവൻ തുകയും അടച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. മാർക്കറ്റ് കടവ്: ലേലത്തുകയായ 2,00,000 രൂപയിൽ 5000 രൂപയും പലിശയും അടയ്ക്കുവാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. വഴുവേലിൽ കടവ്: ലേലത്തുകയായ 4,00,500 രൂപയിൽ 2,05,000 രൂപ അടച്ചിട്ടുണ്ട്. ബാക്കി 1,95,500 രൂപയും പലിശയും അടയ്ക്കുവാനുണ്ട്. പത്തനംതിട്ട ജില്ലാ കളക്ടറുടെ 5 മാസ നിരോധന കാലയളവിൽ 1,66,875 രൂപയ്ക്ക് റെമിഷൻ അനുവദിക്കുന്നതിന് 22–02–2000–ലെ IV (8)–ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

3. മനച്ചിറ കടവ്: ലേലത്തുകയായ 1,30,100 രൂപയിൽ 70,350 രൂപ അടച്ചിട്ടുണ്ട്. ബാക്കി 59,750 രൂപയും പലിശയും അടയ്ക്കുവാനുണ്ട്. പത്തനംതിട്ട ജില്ലാ കളക്ടറുടെ 5 മാസ നിരോധനകാലയളവിൽ 54,583 രൂപക്ക് റെമിഷൻ അനുവദിക്കുന്നതിന് 22–02–2000–ലെ IV (8)–ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു".

84. 1,66,875 രൂപയ്ക്ക് റമിഷൻ കൊടുത്തത് എന്തുകൊണ്ടാണ് എന്നു സമിതി ആരാഞ്ഞു. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് റമിഷൻ അനുവദിച്ചതെന്നും 12 മാസം എന്ന കണക്കനുസരിച്ചാണ് തുക കണക്കാക്കുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയ്ക്ക് തെളിവ് നല്കി.

85. ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി എന്നാണ് തീരുമാനമെടുത്ത തെന്നും പ്രസ്തുത തീരുമാനം സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ എന്നും എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 22–2–2000–ലെ IV (8)–ാം നമ്പർ തീരുമാനമാണിതെന്നും ഈ തീരുമാനം സരക്കാരിലേയ്ക്ക് അയച്ചിട്ടില്ലെന്നും സെക്രട്ടറി സമിതിയ്ക്ക് മറുപടി നലകി.

86. റമിഷന് ഗവൺമെന്റിൽനിന്ന് റാറ്റിഫിക്കേഷൻ വാങ്ങാതിരുന്നതിനാൽ അപ്രകാരം വീഴ്ച വരുത്തിയ സെക്രട്ടറിയുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയില്ല എന്നും ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതി മേരിക്കുട്ടി അവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ടുണ്ടെന്നും പ്രസ്തുത കേസ് തീർപ്പായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി അന്വേഷിച്ചതിന് കോടതി വിധിയുടെ പകർപ്പ് കിട്ടി ആറുമാസത്തിനകം ടിയാളുടെ പെൻഷൻ കാര്യത്തിൽ തീരുമാനമെടുത്ത് പെൻഷൻ അനുവദിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 7–2–2004–ൽ ഹൈക്കോടതിയിൽ നിന്നും നോട്ടീസ് ലഭിച്ചിരുന്നു എന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

87. ഇതിന്മേൽ പത്തനംതിട്ട ഡി.ഡി.പി.യ്ക്ക് ഹൈക്കോടതി നിർദ്ദേശം ലഭിച്ച സാഹചര്യത്തിലും, റമിഷൻ നിയമപരമായി ഇനിയും അനുവദിച്ചിട്ടില്ലാത്തതിനായും പ്രസ്തുത തുക ടിയാളുടെ ബാദ്ധ്യതയായി കണക്കാക്കി അടിയന്തിര നോട്ടീസ് നല്കി ഇതു സംബന്ധിച്ച അറിയിപ്പും റിപ്പോർട്ടും കൊല്ലം ഡി.ഡി.പിയ്ക്കും നൽകുവാനും, വിഷയം സമിതിയുടെ പരിഗണനയിലായതിനാൽ ബാദ്ധ്യത തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുവാനും ബന്ധപ്പെട്ട ഡി.ഡി.പിയ്ക്ക് സമിതി നിർദ്ദേശം നൽകിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

88. കവിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി മേരിക്കുട്ടിയുടെ പെൻഷനാനുകൂല്യങ്ങൾ അനുവദിച്ചു നൽകിയോ എന്നും എങ്കിൽ ഇതു സംബന്ധിച്ച ബാദ്ധ്യത, സമിതി നിർദ്ദേശിച്ച പ്രകാരം ടിയാളുടെ പേരിൽ നിശ്ചയിച്ച് ടിയാളുടെ പെൻഷനാനുകൂല്യത്തിൽ നിന്നും തുക ഈടാക്കിയോ എന്നീ വിശദവിവരങ്ങൾ സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

തയ്യൽമെഷീൻ വാങ്ങി വനിതാസംഘങ്ങൾക്കു വിതരണം ചെയ്യുന്ന പദ്ധതി

"ഈ പദ്ധതിയുടെ ലക്ഷ്യം 18 വനിതാ സമാജങ്ങൾ രജിസ്റ്റർ ചെയ്ത് തയ്യൽ യൂണിറ്റുകൾ ആരംഭിക്കുക എന്നുള്ളതാണ്. ഓരോ യൂണിറ്റിലും 5 തയ്യൽമെഷീനുകൾ വീതം വിതരണം ചെയ്യുന്നതിനുവേണ്ടി ക്വട്ടേഷൻ ക്ഷണിക്കുകയും അതുപ്രകാരം 90 തയ്യൽമെഷീനുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഫയലുകളുടെ പരിശോധനയിൽ ക്വട്ടേഷൻ ക്ഷണിച്ച് അതിനനുസരണമായി ഓർഡർ നൽകി തയ്യൽമെഷീനുകൾ വാങ്ങി എന്നു വരുത്തുവാനാണ് ശ്രമിച്ചിരിക്കുന്നത്. പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിച്ചല്ല ഈ തയ്യൽ മെഷീനുകൾ വാങ്ങിയിട്ടുള്ളത് എന്നു വ്യക്തമാണ്. മെഷീനുകൾ സ്റ്റോക്കിൽ എടുത്തതായും കാണുന്നില്ല. വാങ്ങിയ തയ്യൽ മെഷീനുകൾ സംഘങ്ങൾക്ക് വിതരണം ചെയ്തതായിട്ടുള്ള രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 18 അംഗീകൃത വനിതാസംഘങ്ങൾ കവിയൂർ പഞ്ചായത്തിൽ നിലവിലുണ്ടോ എന്നും അവിടെ ഈ തയ്യൽ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നും വിശദമായി ഭരണവകുപ്പ് അന്വേഷിക്കേണ്ടതാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ആകെ ചെലവായ 1,86,750 രൂപയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.1(ii)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ സി1-190/05 നമ്പർ കത്തു പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

89. "വനിതകൾ നടത്തുന്ന റെഡിമെയ്ഡ് സംഘങ്ങൾക്കാണ് തയ്യൽമെഷീൻ വിതരണം ചെയ്തിട്ടുള്ളത്. അവ വീണ്ടെടുക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല."

90. തയ്യൽ മെഷീൻ വിതരണം നടത്തിയ കാലയളവിൽ സെക്രട്ടറിയായിരുന്നത് ശ്രീമതി മേരിക്കുട്ടിയാണെന്നും ഇത് സ്പിൽ ഓവർ വർക്കായിട്ടാണ് നടപ്പിലാക്കി യതെന്നും ഒരു യൂണിറ്റിന് 5 തയ്യൽമെഷീൻ വീതം 18 യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയായിരുന്നുവെന്നും കവിയൂർ പഞ്ചായത്തിലെ 90 കുടുംബങ്ങൾക്ക് പ്രയോജനപ്പെടാനാണ് പ്ലാൻ ചെയ്തത് എന്നും 90-ൽ 45 എണ്ണം പൊതുവിഭാഗത്തിലും 45 എണ്ണം പട്ടികജാതിമേഖലയിലുമായിരുന്നു വിഭാവനം ചെയ്തിരുന്നതെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ക്വട്ടേഷൻ വിളിക്കാതിരു ന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് നിയമപ്രകാരം ക്വട്ടേഷൻ വിളിക്കുന്നതിന് സമയമില്ലാതിരുന്നതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതെന്നും പത്രത്തിൽ പരസ്യം ചെയ്തിരുന്നുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

91. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും അനുബന്ധ രേഖകളും 27-01-2005-ന് മുമ്പായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകുവാൻ സമിതി നിർദ്ദേശിച്ചു.

92. വിതരണം ചെയ്ത തയ്യൽ മെഷീനുകൾ നിലവിലുണ്ടോ എന്ന് പരിശോധിച്ചതിൽ 5 സംഘങ്ങൾ മാത്രമേ നിലവിലുള്ളൂ എന്ന് കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടതായ വിവരം ലോക്കൽ ഫണ്ട് ആഡിറ്റിനെ സെക്രട്ടറി അറിയിച്ചിരുന്നുവെന്നും എന്നാൽ സെക്രട്ടറിയുടെ റിപ്പോർട്ട് അവ്യക്തവും അപൂർണ്ണവുമാണെന്നും സ്റ്റോക്ക്, വിതരണ വിവരങ്ങൾ എന്നിവ ലഭ്യമല്ല എന്നും ആയതിനാൽ ഇതു സംബന്ധിച്ച് വ്യക്തമായ അഭിപ്രായം അറിയിക്കുവാൻ കഴിയാത്ത അവസ്ഥയാണെന്നും പദ്ധതി വിഹിതത്തിൽ നിന്നും ഭീമമായ തുക ചെലവഴിച്ചതിന് ആധാരമായ രേഖകൾ പോലും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാണെന്നുമാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11-3-2005-ലെ എൽ.എഫ്.25503/(1) സ്പെ.സെ.(G1)/2004 നമ്പർ കത്തു മുഖേന അറിയിച്ചിട്ടുള്ളത്.

### നിഗമനങ്ങൾ/ശുപാർശകൾ

93. ഈ വിഷയത്തിന്മേൽ ഭരണ വകുപ്പ് വിശദമായ ഒരന്വേഷണം നടത്തി ഇതു സംബന്ധിച്ച് റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഓഡിറ്റ് ഖണ്ഡിക

കയ്യാലപ്പടി-തുണ്ടിപ്പടി റോഡ് ടാറിംഗ്:

"കയ്യാലപ്പടി-തുണ്ടിപ്പടി റോഡ് ടാറിംഗിന്റെ പണി നടത്തുന്നതിനെ കുറിച്ച് ആലോചിക്കുന്നതിന് 14-11-1999-ൽ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം കൂടിയിരുന്നു. ടി യോഗത്തിൽ പങ്കെടുക്കാതിരിക്കുകയും ആ വാർഡിലെ അംഗമല്ലാത്തതുമായ ഒരു വ്യക്തിയെ കൺവീനറായി നിയമിക്കുകയും പണി നടത്തുന്നതിനായി ഈ വ്യക്തിക്ക് 25,000 രൂപ മുൻകൂർ നൽകിയതായും കാണുന്നു. എന്നാൽ പണി ഇതുവരെയും തുടങ്ങിയിട്ടില്ല. ഇതിനെപ്പറ്റി വിശദമായി അന്വേഷി ക്കേണ്ടതും മുൻകൂർ നല്കിയ 25,000 രൂപ പലിശ സഹിതം തിരികെ ഈടാക്കേ ണ്ടതുമാണ്."

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V. 1 (iii)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ സി1-190/05 നമ്പർ കത്തു പ്രകാരം കവിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

94. "അഡ്വാൻസ് ഇനത്തിൽ ലഭിക്കുവാനുള്ള 10,000 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിക്ക് 5-7-2002-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു."

95. കയ്യാലപ്പടി-തുണ്ടിപ്പടി റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനു ലഭിക്കേണ്ട 10,000 (പതിനായിരം) രൂപ ഈടാക്കുന്നതിന് കൺവീനർ ശ്രീ. ജോസ് വർഗ്ഗീസിന്റെ പേരിൽ ജപ്തി നടപടി ആരംഭിച്ചിരിക്കയാണെന്നും ആകെ അഡ്വാൻസ് നൽകിയ 25,000 രൂപയിൽ 15,000 രൂപ 2000 ആഗസ്റ്റിൽ 49,000 രൂപയുടെ കൺവീനർക്കായുള്ള ഒരു പാർട്ട് ബില്ല് വന്നപ്പോൾ തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ബാക്കി 10,000 രൂപയ്ക്കാണ് ഇപ്പോൾ ടിയാന്റെ പേരിൽ ജപ്തി നടപടിയ്ക്ക് വിട്ടതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ജപ്തി നടപടി വേഗം പൂർത്തിയാക്കി ബാക്കി തുക കൂടി അടിയന്തിരമായി ഈടാക്കണമെന്ന് സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

### നിഗമനങ്ങൾ/ശുപാർശകൾ

96. കയ്യാലപ്പടി-തുണ്ടിപ്പടി റോഡ് ടാറിംഗ് പണിയുമായി ബന്ധപ്പെട്ട് കൺവീനറിൽ നിന്നും ഈടാക്കാൻ ശേഷിക്കുന്ന 10,000 രൂപ അടിയന്തിരമായി ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### **മൈലപ്ര ഗ്രാമപഞ്ചായത്ത്**

മരാമത്ത് പണികൾ—മൂല്യത്തിൽ അധികമായി ചെലവാക്കിയ തുക 39,222 രൂപ

പി.എച്ച്.സെന്റർ മണ്ണാറക്കുളഞ്ഞി റോഡിന്റെ അറ്റകുറ്റപ്പണിക്ക് കൺവീനർക്ക് നൽകിയ തുക 1,60,013 രൂപയാണെങ്കിലും അളവു പുസ്തക പ്രകാരം ആകെ മൂല്യം 1,20,791 രൂപ മാത്രമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 39,222 രൂപ അധികം നൽകിയിരിക്കുകയാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 13]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ കത്തുപ്രകാരം മൈലപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

97. "പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായ സെക്രട്ടറി ശ്രീ. ജി. ജോസ്, ശ്രീ. എസ്. ആന്റണി (HC Charge) എന്നിവർക്ക് ആഡിറ്റ് തടസ്സം പരിഹരിക്കുന്നതിന് 8-4-2002-ൽ രജിസ്റ്റേർഡ് തപാലിൽ കത്തയച്ചിരുന്നു. ടി നഷ്ടത്തിന് ഉത്തരവാദികളിൽ ഒരാളായ ശ്രീ. എസ്. ആന്റണി (HC Charge) ഇപ്പോൾ സർവ്വീസിൽ നിന്നും വിരമിച്ചു. ടിയാന്റെ പേരിലുള്ള സർചാർജ്ജ് തുകയായ 17,881 രൂപ (24-8-2004-ലെ 40803/4-ാം നമ്പർ രസീത് പ്രകാരം) ഈ ആഫീസിൽ ഒടുക്കി വരവു വരുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ. ജോസിന്റെ പേരിൽ 21,341 രൂപയുടെ സർ ചാർജ്ജ്

സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിൽ (LF.17413/Spl.Cell/Sc2/2003-04 dt. 31-3-2004) നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ തുക അടച്ചിട്ടില്ല. തുക അടയ്ക്കുന്നത് സംബന്ധിച്ച് 15-5-2004-ലും, 7-8-2004-ലും 31-12-2004-ലും ടിയാൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ശ്രീ. ജോസ് ഇപ്പോൾ കൊല്ലം ജില്ലയിലെ തൃക്കരുവ ഗ്രാമപഞ്ചായത്തിൽ ജൂനിയർസൂപ്രണ്ടായി ജോലി നോക്കി വരികയാണ്."

98. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി ശ്രീ.ജോസിൽ നിന്നും 21,341 രൂപയാണ് ഈടാക്കാനുള്ളതെന്നും ടിയാൻ ഇപ്പോൾ കൊല്ലം ജില്ലയിലെ തൃക്കരുവ പഞ്ചായത്തിലാണ് ജോലി ചെയ്യുന്നതെന്നും തെളിവെടുപ്പുവേളയിൽ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

99. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലുള്ളതിനാൽ ടിയാന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കിക്കൂടേയെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ അതിനുള്ള വ്യവസ്ഥയില്ലെന്നും എന്നിരുന്നാലും ശമ്പളത്തിൽ നിന്നും പിടിയ്ക്കുന്നതിന് ഉത്തരവ് കൊടുക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയ്ക്ക് മറുപടി നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

100. സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടും മുൻ സെക്രട്ടറി ശ്രീ. ജോസ് തുക അടയ്ക്കാൻ വിസമ്മതിക്കുന്ന സാഹചര്യത്തിൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക/നിയമ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

101. ഇക്കാര്യത്തിൽ ശ്രീ. ജോസിനെതിരെ സ്വീകരിക്കുന്ന നടപടികളുടെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ചെറുകോൽ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ദിവസക്കൂലിക്ക് എൽ.ഡി.ക്ലാർക്കിനെ നിയമിച്ച് വേതനം നൽകിയത് അനുവദനീയമല്ല.

13-2-1998-ലെ പഞ്ചായത്തു സമിതി തീരുമാന പ്രകാരം 9-3-1998 മുതൽ രണ്ടുപേരെ ദിവസക്കൂലിക്ക് എൽ.ഡി.ക്ലാർക്കുമാരായി നിയമിച്ച് വേതനം നൽകിയിരുന്നു. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് എൽ.ഡി.ക്ലാർക്കിന്റെ സ്ഥിരം തസ്തികയിൽ 19-5-1998 മുതൽ സ്ഥിരം ജീവനക്കാർ നിയമിതരായിട്ടുണ്ട്. പഞ്ചായത്തു സമിതിയുടെ 24-4-1998-ലെ തീരുമാനപ്രകാരം ജനകീയാസൂത്രണ പദ്ധതി അവസാനിക്കുന്നതുവരെയോ നിലവിലുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്നതുവരെയോ എൽ.ഡി.ക്ലാർക്കുമാരെ തുടരാൻ അനുവദിച്ചിരുന്നു. അനുവദനീയമായ സംഖ്യാബലം നിലവിലുള്ളപ്പോൾ ദിവസകൂലിയ്ക്ക് എൽ.ഡി.ക്ലാർക്കുമാരെ നിയമിച്ചത് നിയമവിരുദ്ധമാണ്. ഈ ഇനത്തിൽ പഞ്ചായത്തു ഫണ്ടിൽ നിന്നും അനധികൃതമായി 23,340 രൂപ ചെലവഴിച്ചത് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 14 (a)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ സി1-611/04 നമ്പർ കത്തു പ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

102. "ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ ആഡിറ്റ് പാര iv (a) അനുസരിച്ച് ദിവസക്കൂലിക്ക് എൽ.ഡി ക്ലാർക്കിനെ നിയമിച്ച് വേതനം നല്കിയത് അനുവദനീയമല്ല എന്നുള്ള ആഡിറ്റ് തടസ്സം സംബന്ധിച്ചുള്ള 23-12-2004-ലെ 16255/LFA C3/04/ലെജി നമ്പർ കത്ത് 7-1-2005-ലെ പഞ്ചായത്തു കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. ടി കത്തിൽ പരാമർശിച്ചിരിക്കുന്ന തുക നൽകിയ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് നിലവിലുള്ള ടി ആളുകളുടെ സാഹചര്യം അനുസരിച്ച് സാധ്യമല്ലാത്തതിനാൽ വേതനം നല്കിയ നടപടി അംഗീകരിക്കുന്നതിന് ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ നൽകുന്നതിന് പഞ്ചായത്തു കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു എന്നുള്ള വിവരം വിനയപുരസ്സരം അറിയിച്ചുകൊള്ളുന്നു".

103. ദിവസകൂലിക്ക് ഉദ്യോഗസ്ഥരെ നിയമിച്ച സാഹചര്യമെന്താണെന്നും ഇപ്പോഴും ഇതു തുടരുന്നുണ്ടൊയെന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്നും ടിയാൻ ഇപ്പോഴും സർവ്വീസിലുണ്ടോ എന്നും സമിതി ആരാഞ്ഞതിന് അന്ന് നിലവിലുള്ള ആളുകളെക്കൊണ്ട് എല്ലാ ജോലിയും ചെയ്യാൻ കഴിയാതിരുന്നതിനാലാണ് ദിവസകൂലിയ്ക്ക് ആളെ നിയമിച്ചതെന്നും ഇപ്പോൾ ഇങ്ങനെ ആരും തന്നെയില്ലായെന്നും അന്ന് സെക്രട്ടറിയായിരുന്നത് ശ്രീ. രഘുനാഥൻപിള്ളയായിരുന്നുവെന്നും ടിയാൻ ഇപ്പോൾ പത്തനംതിട്ട ജില്ലയിലെ ഓഡിറ്റ് യൂണിറ്റിൽ (തരം താഴ്ത്തപ്പെട്ട എൽ. ഡി. സി. ആയി) ജോലി നോക്കുന്നുവെന്നും ചെറുകോൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

104. ദിവസകൂലിക്ക് എൽ.ഡി.സി.യായി ആളിനെ നിയമിച്ചത് നിയമവിരുദ്ധ മാണെന്നും ടി ദിവസക്കൂലിക്കാരിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കില്ലെന്നും സമിതി മനസ്സിലാക്കുന്നു. സ്ഥിരം ജീവനക്കാരെ നിയമിച്ചതിനുശേഷവും ദിവസവേതനക്കാരെ തുടരാൻ അനുവദിച്ചതുമൂലമാണ് പഞ്ചായത്തിന് നഷ്ടം ഉണ്ടായതെന്നും ബന്ധപ്പെട്ട സെക്രട്ടറിയാണിതിനുത്തരവാദിയെന്നും ടിയാന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാനും സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

105. സ്ഥിരം ജീവനക്കാർ നിയമിതരായിട്ടും ദിവസക്കൂലി വ്യവസ്ഥയിൽ നിയമിച്ചിരുന്ന ആളുകളെ പിരിച്ചുവിടാതെ ജോലിയിൽ തുടരാൻ അനുവദിച്ചതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

ജനകീയാസൂത്രണം-തനതു ഫണ്ട് പ്ലാൻ ഫണ്ടിലേക്ക് മാറ്റാതെയുള്ള ചെലവ്

തനതുഫണ്ട് പ്ലാൻ ഫണ്ടിലേക്ക് മാറ്റി അതിൽ നിന്നും മാത്രമേ ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള ചെലവുകൾ ചെയ്യാൻ പാടുള്ളു എന്നിരിക്കെ,

അതിനു വിരുദ്ധമായി തുക ചെലവഴിച്ചതു സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മഠത്തിലേശുപടി ചക്കുപാറ റോഡ് കോൺക്രീറ്റ് | - | 12,900 |
| കാട്ടൂർ പി.എച്ച്.സെന്റർ സൈഡ്ഭിത്തി സംരക്ഷണം | - | 10,351 |
| ടി സെന്റർ മെയിന്റനൻസ് | - | 29,250 |

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 14(b)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ സി1-611/04 നമ്പർ കത്തുപ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

106. "പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നുള്ള നിബന്ധന ഉള്ളതിനാലും ട്രഷറി നിയന്ത്രണം പ്ലാൻ ഫണ്ടിലേക്കു തുക വകമാറ്റിയാലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുമാണ് പ്ലാൻ ഫണ്ടിലേക്ക് പഞ്ചായത്തു ഫണ്ടു തുക വക മാറ്റാതെ ചെലവു ചെയ്തതെന്നുള്ള വിവരം തുടർ നടപടികൾക്കായി സമർപ്പിച്ചു കൊള്ളുന്നു."

107. പഞ്ചായത്തു ഫണ്ടു തുക പ്ലാൻ ഫണ്ടിലേയ്ക്ക് മാറ്റി അതിൽ നിന്നുമാത്രമേ ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള ചെലവുകൾ ചെയ്യാൻ പാടുള്ളു എന്നിരിക്കെ അതിനുവിരുദ്ധമായാണ് പണം ചെലവഴിച്ചതായി കാണുന്നത്. പ്രസ്തുത പണികളെല്ലാം ചെയ്തിട്ടുണ്ടോ എന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത പണികളെല്ലാം ചെയ്തിട്ടുണ്ടെന്നും ശ്രീ. രഘുനാഥൻ പിള്ളയാണ് അന്നത്തെ സെക്രട്ടറി എന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സ്ഥല പരിശോധന നടത്തിയാൽ ഇവയെല്ലാം ബോദ്ധ്യപ്പെടുമെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

108. നിയമവിരുദ്ധമായി സർക്കാർ പണം കൈകാര്യം ചെയ്തിരുന്നതുമൂലമാണ് ആഡിറ്റ് പരാമർശം ഉണ്ടായതെന്നും ആയതിനാൽ ഈ പ്രവണത അവസാനിപ്പിക്കണമെന്നും ഇപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

മരാമത്ത് പണി അധികം നൽകിയ തുക നിരാകരിക്കുന്നു.

"1997-98 പദ്ധതിയിലെ സ്പിൽ ഓവറായി നടത്തിയ മരോട്ടിവിളപ്പടി-കുമ്പഴക്കുറ്റി ലക്ഷംവീടുകോളനി റോഡിന്റെ പണികൾ 1998-99-ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പണിയുമായി ബന്ധപ്പെട്ടു നടത്തിയ മൺവേലയ്ക്ക് 10 ക്യു.മീറ്ററിന് 560 രൂപ നിരക്കിലാണ് നൽകിയിരിക്കുന്നത്. എന്നാൽ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സ്

56 പ്രകാരം 310 രൂപ മാത്രമേ ടി ഇനത്തിൽ അർഹതയുള്ളു. 520.275 ക്യു.മീറ്റർ മൺവേല ചെയ്തതിന് അർഹമായ 16,129 രൂപയ്ക്ക് പകരം 29,135 രൂപയാണ് നൽകിയിരിക്കുന്നത്. അധികമായി 13,006 രൂപ നൽകിയിരിക്കുന്നു."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 15]

ആഡിറ്റ് ഖണ്ഡികയ്ക്ക് 10-1-2005-ലെ എ-511/04 നമ്പർ കത്തുപ്രകാരം പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

109. "1998-99 വർഷം പൂർത്തീകരിച്ച മരോട്ടിവിളപ്പടി-കുമ്പഴകുറ്റി, പാഴിക്കാലികുറ്റി റോഡിന്റെ പണികളിൽ എസ്റ്റിമേറ്റിൽ ഒന്നാമത് ഇനം കട്ടിമണ്ണ്-ഹാർഡ് സോയിൽ-കിളച്ചുമാറ്റുന്ന പണിയാണ്. ഇത് അളവുബുക്കിൽ കട്ടിമണ്ണ് എന്നതിനുപകരം സാധാരണ മണ്ണ് എന്ന് നോട്ടപ്പിശകുമൂലം ചേർത്തു പോയതാണെന്നും ഹാർഡ് സോയിൽ-കിളച്ചുമാറ്റുന്ന പണിയാണ് നടത്തിയിട്ടുള്ളതെന്നും ടി വർക്ക് സൂപ്പർവൈസ്ചെയ്ത എഞ്ചിനീയർ രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. ഈ ആഡിറ്റ് തടസ്സം പരിഹരിച്ച് തരേണ്ടതാണ് എന്ന് ജില്ലാ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അവർകളോട് അപേക്ഷിക്കുന്നതാണ്."

110. റോഡു പണികളിൽ കട്ടി മണ്ണ് എന്നതിനുപകരം സാധാരണ മണ്ണ് എന്ന് എഴുതിയത് നോട്ടപ്പിശകുമൂലം പറ്റിയതാണെന്നും ഇതിന്മേൽ ഓഡിറ്റ് റിപ്പോർട്ട് വന്നതിനുശേഷം എഞ്ചിനീയർ സാക്ഷ്യപത്രം തന്നിട്ടുണ്ടെന്നും തെക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ സമിതിയെ അറിയിച്ചു. പണി ചെയ്യിച്ച എഞ്ചിനീയർ തന്നെയാണോ സാക്ഷ്യപത്രം ഒപ്പിട്ടതെന്നും റോഡിന് പിന്നീട് അറ്റകുറ്റ പണികൾ വേണ്ടിവന്നിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പണി ചെയ്യിച്ച എഞ്ചിനീയർ തന്നെയാണ് സാക്ഷ്യപ്പെടുത്തി തന്നതെന്നും റോഡിന് തകരാറൊന്നും ഉണ്ടായിട്ടില്ലായെന്നും സെക്രട്ടറി അറിയിച്ചു.

111. എസ്റ്റിമേറ്റ് തയ്യാറാക്കിയതും പണം നൽകുവാനായി അളവെടുത്തതും പണി ചെയ്യിപ്പിച്ചതുമെല്ലാം ഒരാളാണെന്നും റോഡ് ഇപ്പോഴും നല്ല സ്ഥിതിയിലാണുള്ളതെന്നും കാണിച്ചുകൊണ്ട് ലോക്കൽ ഫണ്ട് വകുപ്പിന് വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

112. ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള റോഡ് പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും പണം നൽകുവാനായി അളവെടുത്തതും പണി ചെയ്യിച്ചതും എല്ലാം ഒരാൾ തന്നെയാണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടിരുന്നു. എന്നാൽ റോഡ് ഇപ്പോൾ ഉപയോഗയോഗ്യമാണോ എന്ന കാര്യത്തിലുള്ള മറ്റു വിശദാംശങ്ങൾ ഉൾപ്പെടെ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ട് ഉൾപ്പെടെ ബന്ധപ്പെട്ട രേഖകൾ അടിയന്തിരമായി ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന് നൽകാൻ സമിതി നിർദ്ദേശിക്കുന്നു.

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

പഞ്ചായത്തുഫണ്ട് ഉപയോഗിച്ചു നടത്തിയ പൊതുമരാമത്തു പണിയിലെ അപാകതകൾ

പഞ്ചായത്തുഫണ്ട് ഉപയോഗിച്ചു നടത്തിയ മരാമത്തു പണികളിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) പി.സി.ബിൽ തയ്യാറാക്കിയത് അപൂർണ്ണമാണ്.

3) അളവു രേഖപ്പെടുത്തിയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പുവച്ചിട്ടില്ല.

4) മസ്റ്റർ റോൾ വെച്ച് നേരിട്ടു നടത്തിയ പണികൾക്ക് തൊഴിലാളികൾക്ക് കൂലി കൊടുത്തതിന്റെ കൈപ്പറ്റ് രസീത് ഇല്ല.

5) കണ്ടിജന്റ് ബില്ലിൽ മസ്റ്റർ റോൾ എന്നുമാത്രം കാണിച്ച് തുക മാറിയിരിക്കുന്നു.

6) ചെയ്ത ജോലിയുടെ അളവുകൾ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്താതെയാണ് തുകകൾ നൽകിയിട്ടുള്ളത്.

7) റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ ഈ ഇനത്തിൽ പൊതുമരാമത്തു പണികൾ യഥാർത്ഥത്തിൽ നടത്തിയതാണോ എന്നു സംശയി ക്കുന്നു. ആകെ 1,84,879 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 16]

ആഡിറ്റ് ഖണ്ഡികയ്ക്ക് 7-1-2005-ലെ ഇ-93/04 നമ്പർ കത്തുപ്രകാരം വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

113. ആഡിറ്റ് ഖണ്ഡിക 8 പ്രകാരം ക്രമനമ്പർ 1 മുതൽ 39 വരെയുള്ള പരാമർശിച്ച പ്രവൃത്തികളുടെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തിയിട്ടുള്ള വേലകൾക്കായി ചെലവഴിച്ച തുകയുടെ മസ്റ്റർ റോൾ, തുക കൈപ്പറ്റ് രസീത്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറി എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
2. ഗ്രാമപഞ്ചായത്തിൽ നിന്നും ടെണ്ടർ ചെയ്ത് നടത്തിയ പ്രവർത്തികളുടെ ഫയൽ പി.സി.ബിൽ, മെഷർമെന്റ് ബുക്ക് എന്നിവ പൂർത്തീകരിച്ച് ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

3. ഗ്രാമപഞ്ചായത്തിന്റെ 18-3-1998-ലെ XVIII-ാം നമ്പർ തീരുമാനപ്രകാരം വെച്ചൂച്ചിറ കോളനി ഹയർ സെക്കന്ററി സ്ക്കൂളിലേക്ക് വാട്ടർ സപ്ലൈ നൽകുന്നതിനായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് ക്വട്ടേഷൻ വ്യവസ്ഥയിൽ വേല ചെയ്തിട്ടുള്ളതാണ്. ടി ജോലി സംബന്ധമായ എല്ലാ ഫയലുകളും സൂക്ഷിച്ചിട്ടുള്ളതാകുന്നു.

4. ഗ്രാമപഞ്ചായത്തിൽ റോഡ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. മേലധികാരികൾ രജിസ്റ്റർ ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

114. ക്രമക്കേടുകളിന്മേൽ ഭരണ വകുപ്പ് ആരംഭിച്ച അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞു. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും ഓഡിറ്റിൽ ആദ്യ മറുപടി കൊടുത്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത പണികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും മസ്റ്റർ റോളും ഇപ്പോൾ ശരിയാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

115. ഇതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കാൻ സമിതി പഞ്ചായത്ത് സെക്രട്ടറിയ്ക്കും ഇതു സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഒരു മാസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്കും തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു.

116. കണ്ടിജന്റ് ബില്ല് പ്രകാരം മസ്റ്റർ റോൾ/കൂലി എന്ന് രേഖപ്പെടുത്തിയാണ് ഭൂരിപക്ഷം ചെലവുകളും ചെയ്തിരിക്കുന്നത്. ഹാജരാക്കിയ റോഡു രജിസ്റ്ററിൽ ആഡിറ്റ് ഖണ്ഡികയിൽ പറയുന്ന എല്ലാ റോഡുകളുടെയും വിവരം രേഖപ്പെടുത്തിയിട്ടില്ല. കണ്ടിജന്റ് ബില്ലുകൾ പ്രകാരം ചെലവു ചെയ്ത തുകകൾക്ക് മസ്റ്റർ റോളുകൾ ഇപ്പോൾ തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണ്. കണ്ടിജന്റ് വൗച്ചറുകളും എം.ബുക്ക് 1/97-98, 21/98-99, 90-2000 (2 എണ്ണം), റോഡ് രജിസ്റ്റർ എന്നിവ മാത്രമേ ഹാജരാക്കിയിട്ടുള്ളു. വൗച്ചറിലെ അപാകതകൾ പരിഹരിച്ചുവെന്നല്ലാതെ ഗുരുതരമായ ക്രമക്കേടുകൾ ഇപ്പോഴും നിലനിൽക്കുകയാണെന്നാണ് ഇതു സംബന്ധിച്ച് ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11-3-2005-ലെ എൽ.എഫ് 25803(1)/സ്പെ. സെ. (ജ1)/2004 നമ്പർ കത്തു മുഖേന സമിതിയ്ക്ക് ലഭിച്ച മറുപടി.

## നിഗമനങ്ങൾ/ശുപാർശകൾ

117. ആഡിറ്റിൽ ചൂണ്ടികാണിച്ചിട്ടുള്ള ഗുരുതരമായ ക്രമക്കേടുകൾ ഇപ്പോഴും നിലനിൽക്കുകയാണെന്ന് പുനഃപരിശോധനാ റിപ്പോർട്ടിലും ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് റിപ്പോർട്ടുചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭരണ വകുപ്പ് ഇതുസംബന്ധമായി സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തിരമായി സമിതിയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ചെയ്ത ജോലിയുടെ മൂല്യം പെരുപ്പിച്ചു കാണിച്ച് ചെലവാക്കിയത് ഓഡിറ്റിൽ നിരാകരിക്കുന്നു.

"മൈനാമൻ മഞ്ഞപ്രം റോഡ് പുനരുദ്ധാരണം 1997-98-ൽ വി.റ്റി. സി. ഫണ്ട് ഉപയോഗിച്ച് ചെയ്യുകയുണ്ടായി. 2,35,135 രൂപ എസ്റ്റിമേറ്റ് തുകയുള്ള ഈ ജോലിയുടെ വിവിധ ഘട്ടങ്ങളിൽ ലഭ്യമാകുന്ന മണ്ണു കൂടാതെ 301.5 ഘ.മീ. മണ്ണ് ഫില്ലിംഗ് നടത്തിയതായി വ്യാജമായി രേഖപ്പെടുത്തുകയും അതിന് 10 ഘ. മീറ്ററിന് 642 രൂപ നിരക്കിൽ ആകെ 19,356 രൂപ മൂല്യം രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ ബന്ധപ്പെട്ട വൗച്ചർപ്രകാരം 110.42 രൂപ ചെലവ്ചെയ്ത് ആകെ 172 ഘ.മീ. മണ്ണ് മാത്രമേ ഇറക്കിയിട്ടുള്ളു. യഥാർത്ഥത്തിൽ 172 ഘ.മീ.നു പകരം 301.5 ഘ.മീറ്റർ മണ്ണിന്റെ വില ആകെ മൂല്യത്തിൽ കൂട്ടിച്ചേർത്ത് അതിൻ പ്രകാരം ചെലവുക്രമപ്പെടുത്തിയിരിക്കുന്നതിനാൽ 129.5 ഘ.മീ. മണ്ണിന്റെ വില 10 ഘ.മീ. 642 രൂപ നിരക്കിൽ ആകെ 8,314 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക IV. 18(b)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 18-1-2005-ലെ ഇ-93/04 നമ്പർ കത്തുപ്രകാരം ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

118. "ലോക്കൽഫണ്ട് ഡയറക്ടറുടെ 4-10-2001-ലെ എൽ.എഫ്/ 24409/ സപെ.സെൽ/എസ്.സി1/2000 പ്രകാരം സർചാർജ്ജ് നടപടി ഒഴിവാക്കിയിട്ടുണ്ട്."

119. സർചാർജ്ജ് നടപടിയിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഒഴിവാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി അന്വേഷിച്ചതിന്, ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് കമ്മിറ്റി പ്രാദേശിക പരിശോധന നടത്തുകയും അതിന്മേൽ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് സെക്രട്ടറിയുടെ പേരിലുള്ള സർചാർജ്ജ് ഒഴിവാക്കിയിട്ടുള്ളതെന്നും ലോക്കൽഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

120. മുൻ പഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള സർചാർജ്ജ് നടപടികൾ ഒഴിവാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിതന്നെ ശുപാർശചെയ്ത സാഹചര്യത്തിൽ ഓഡിറ്റിൽ നിരാകരിച്ച 8314 രൂപ അന്നത്തെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## കോന്നി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

അധികമായി സാധനങ്ങൾ വാങ്ങിയതിന് നൽകിയ തുക അംഗീകരിക്കുന്നില്ല.

ജീപ്പ് ഷെഡും കോംപൗണ്ട് മതിലും കൂടിയുള്ള നിർമ്മാണത്തിന് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരവും അളവു പുസ്തക പ്രകാരവും ആവശ്യമായി വന്നതിൽ കൂടുതൽ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ 33180 രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.2(i)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ 3465/04 നമ്പർ കത്തു പ്രകാരം കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

121. "സാധനങ്ങൾ വാങ്ങിയതിന് അധികമായി നൽകിയ തുക 33180 രൂപ ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടച്ചിട്ടുണ്ട്.

| തുക | രസീത് നമ്പർ | തീയതി |
|---|---|---|
| 2500 | 37/80569 | 15-11-1999 |
| 5000 | 88/80578 | 11-1-2000 |
| 3500 | 02/80602 | 3-4-2000 |

33180 രൂപ മുൻ സെക്രട്ടറി ശ്രീ. അസനാരുകുഞ്ഞിന്റെ ഡി.സി.ആർ ജി-യിൽ നിന്നും അക്കൗണ്ടന്റ് ജനറലിന്റെ 13-9-2004-ലെ ഉത്തരവു പ്രകാരം റിക്കവറി നടത്തി."

122. അധികമായി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ നഷ്ടം വന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിയതു സംബന്ധിച്ച എല്ലാ രേഖകളും ആഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകുവാനും ഓഡിറ്റ് വകുപ്പ് ഇത് പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

123. ആഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി 11-3-2005-ലെ എൽ.എഫ് 25803(1)/സ്പെ.സെ.(ജി1)2-4 നമ്പർ കത്തുപ്രകാരം ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചിട്ടുണ്ട്.

### നിഗമനങ്ങൾ/ശുപാർശകൾ

124. പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇതിന്മേലുള്ള ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

വനിതാ സ്വയംതൊഴിൽ പദ്ധതി—അർഹതയില്ലാത്തവർക്ക് ധനസഹായം നൽകി.

"98-99-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന ടി പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് 1999-2000 സാമ്പത്തിക വർഷത്തിലാണ്. ആകെ ചെലവ് 1,90,000 രൂപ കാണിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെ പരിശോധനയിൽ നിന്നും യഥാർത്ഥ ചെലവ് 1,80,000 രൂപയാണെന്നുള്ളത് വ്യക്തമാണ്. പദ്ധതി നടത്തിപ്പിന്റെ ഗുണഭോക്താക്കളായി ഗ്രാമസഭവഴി തെരഞ്ഞെടുത്ത് മിനിറ്റ്സ് ബുക്കിൽ പേരു ചേർത്തിട്ടുള്ള ആളുകൾക്കല്ല ധനസഹായം നൽകിയിരിക്കുന്നത്. പദ്ധതിയുടെ ആനുകൂല്യം നേടിയവർ യഥാർത്ഥ ഗുണഭോക്താക്കളല്ല. ഭരണവകുപ്പിന്റെ സത്വരവും സമഗ്രവുമായ അന്വേഷണം ഉണ്ടാകേണ്ടതാണ്.

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.2(ii)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ 3465/04 നമ്പർ കത്തുപ്രകാരം കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

125. "1,92,500 രൂപാ അടങ്കൽ ഉള്ള 1998-99-ലെ പ്രോജക്ട് 1999-2000-ത്തിൽ സ്പിൽ ഓവറായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റിയുടെ 5-4-1999-ലെ 8 (എ) നമ്പർ തീരുമാനത്തിൽ പറഞ്ഞിട്ടുള്ളവർക്കല്ല പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത്. മൊത്തം 76 ഗുണഭോക്താക്കൾക്ക് 2500 രൂപാ പ്രകാരം ധനസഹായം നൽകിയതിൽ 54 പേർ ഗ്രാമസഭാ മിനിട്ട്സ് ബുക്കിൽ പേര് ഉള്ളവരാണെന്ന് പരിശോധനയിൽ കാണുന്നു.

126. ഇത് 1998-99-ലെ പദ്ധതിയായിരുന്നുവെന്നും സ്പിൽ ഓവറായി 1990-2000 ലാണ് നടത്തിയതെന്നും 6-4-1999-ലെ എട്ടാം നമ്പർ തീരുമാനത്തിൽ ആനുകൂല്യം കൊടുക്കാനുള്ളവരുടെ ലിസ്റ്റുണ്ടെന്നും ഗ്രാമസഭയുടെ മിനിട്ട്സിലും കുറെ പേരുടെ പേരുണ്ടെന്നും ആകെ 81 പേർക്ക് കൊടുത്തിട്ടുണ്ടെന്നും എന്നാൽ ഓഡിറ്റിൽ 76 പേർക്ക് കൊടുത്തതായാണ് പറഞ്ഞിരിക്കുന്നതെന്നും രണ്ടു ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്നും ഗ്രാമസഭാ ലിസ്റ്റിലുള്ള പേരുകളും ഇല്ലാത്ത പേരുകളും മിനിട്ട്സ് ബുക്കിലുണ്ടെന്നും സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

127. ഇക്കാര്യത്തിന്മേൽ ഭരണ വകുപ്പിന്റെ അന്വേഷണം ലോക്കൽ ഫണ്ട് ആഡിറ്റ് നിർദ്ദേശിച്ചിരുന്നുവെങ്കിലും അന്വേഷണം നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഇതിൽ ഭരണവകുപ്പ് അടിയന്തിരമായി ഒരന്വേഷണം നടത്തേണ്ടതുണ്ടെന്ന് സമിതി കരുതുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

128. പ്രസ്തുത പദ്ധതി നടത്തിപ്പിൽ ആഡിറ്റ് ചൂണ്ടികാണിച്ചിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് ഭരണ വകുപ്പ് സത്വരവും സമഗ്രവുമായ ഒരന്വേഷണം നടത്തി വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഡിറ്റ് ഖണ്ഡിക**

പയ്യനാമൺ വേങ്ങതടിയ്ക്കൽ ലക്ഷംവീട് കോളനി റോഡ് ഉദ്ധാരണം—ക്രമക്കേട്

"പയ്യനാമൺ വേങ്ങതടിയ്ക്കൽ ലക്ഷംവീട് കോളനി റോഡിന്റെ ഉദ്ധാരണത്തിന് 1,02,000 രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകി. പണിയ്ക്കായി ശ്രീ. ജോൺഫിലിപ്പ് പിച്ചനാടിനെ കൺവീനറായി തെരഞ്ഞെടുക്കുകയും 29-4-1999-ൽ മൊബിലൈസേഷൻ അഡ്വാൻസായി 25000 രൂപ നൽകുകയും ചെയ്തു. കരാർ ഉടമ്പടി വെച്ചിട്ടില്ല. വീണ്ടും 2-7-1999-ൽ സെക്കേർഡ് അഡ്വാൻസായി 47,760 രൂപ കൺവീനർക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ. വി. ജി. സജിയെ ടി പ്രവൃത്തിയുടെ കൺവീനറായി തെരഞ്ഞെടുത്തതായി ശ്രീ. ജോൺഫിലിപ്പിന്റെ കത്തിൽ പറയുന്നുണ്ടെങ്കിലും അതിനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമല്ല. സെക്കേർഡ് അഡ്വാൻസായി നൽകിയ 47,760 രൂപ യഥാർത്ഥത്തിൽ കൈപ്പറ്റിയിരിക്കുന്നത് ആരാണെന്ന് വ്യക്തമല്ല. അഡ്വാൻസുകൾ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടത്തിയതായോ, പൂർത്തീകരിച്ചതായോ രേഖയില്ല. അതിനാൽ തുക 18% പലിശയോടുകൂടി തിരിച്ചടയ്ക്കേണ്ടതാണ്. ടി വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കേണ്ടതാണ്."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.2(iii)]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ 3465/04 നമ്പർ കത്തുപ്രകാരം കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

129. "പ്രസ്തുത വർക്കിന് 29-4-1999-ൽ ഒന്നാമത് അഡ്വാൻസ് 25000 രൂപയും 2-7-1999-ൽ രണ്ടാമത് അഡ്വാൻസും നൽകിയിട്ടുണ്ട്. രണ്ടാമത്തെ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്ന് കൺവീനർ ശ്രീ. ജോൺ ഫിലിപ്പിന്റെ പരാതിയിൽ പറഞ്ഞിരിക്കുന്നു. വർക്കിന്റെ നടത്തിപ്പു സംബന്ധിച്ച പരാതിയിന്മേൽ കോന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ക്രൈം 294/03 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു."

130. പയ്യനാമൺ വേങ്ങത്തടിക്കൽ ലക്ഷംവീട് കോളനി റോഡ് നിർമ്മാണത്തിനായി അഡ്വാൻസ് നൽകിയതിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 9-4-1999-ൽ ജോൺ ഫിലിപ്പിന് 25,000 രൂപ അഡ്വാൻസായി കൊടുത്തെന്നും തുടർന്ന് പരാമർശവിഷയമായ രണ്ടാമത് അഡ്വാൻസും ജോൺ ഫിലിപ്പ് തന്നെ കൈപ്പറ്റിയതായാണ് ഫയലിൽ കാണുന്നതെന്നും എന്നാൽ ടിയാൻ രണ്ടാമത്തെ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്ന് പറഞ്ഞ് ഓംബുഡ്സ്മാനിൽ പരാതി നൽകുകയും അവിടെനിന്നും വിജിലൻസിനും വിജിലൻസ് അത് അന്വേഷണത്തിനായി ലോക്കൽ പോലീസിന് നൽകുകയും ചെയ്തുവെന്ന് കോന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

131. പരാതിയിൽ പ്രഥമദൃഷ്ട്യാ പ്രസക്തിയുണ്ടെന്ന് ബോധ്യമായ സാഹചര്യത്തിലാണ് ഓംബുഡ്സ്മാൻ വിജിലൻസിന് അന്വേഷണത്തിനായി നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ വകുപ്പുതല നടപടിയും സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടതിന് പോലീസ് അന്വേഷണം നടക്കുന്നതുകൊണ്ടാണ് വകുപ്പുതല നടപടികൾ സ്വീകരിക്കാത്തതെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

132. ശ്രീ.ജോൺ ഫിലിപ്പിന്റെ പരാതിയിൽ പ്രഥമദൃഷ്ട്യാ പ്രസക്തിയുണ്ടെന്ന് ഓംബുഡ്സ്മാന് ബോദ്ധ്യമായ സാഹചര്യത്തിലാണ് കേസ് വിജിലൻസ് അന്വേഷണത്തിനായി നൽകിയതെന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ ഓംബുഡ്സ്മാന്റെ വിധിക്കനുസൃതമായി ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## ഏറത്ത് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

നിലവിലില്ലാത്ത ബുക്ക് നിർമ്മാണ യൂണിറ്റിന്റെ പേരിൽ 50,000 രൂപ ധനസഹായം നൽകി.

"പദ്ധതി അനുസരിച്ച് പഞ്ചായത്തിലെ സ്ഥിര താമസക്കാരായ 10 വനിതകൾ ചേർന്ന് രൂപീകരിക്കുന്ന രജിസ്ട്രേഷൻ ലഭിച്ച വ്യവസായ യൂണിറ്റിനാണ് ധനസഹായം നൽകേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി സിന്ധുകുമാരി, രാജമ്മ എന്നീ വനിതകളുടെ പേരിൽ മറ്റൊരു സ്വകാര്യ വ്യക്തിയുടെ പേരിലുള്ള ബുക്കു നിർമ്മാണ യൂണിറ്റിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി 50,000 രൂപ ധനസഹായമായി പറ്റിയിട്ടുണ്ട്. ഇതിനെപ്പറ്റി വിശദമായ അന്വേഷണം നടത്തേണ്ടതും കുറ്റക്കാർക്കെതിരെ സത്വര നടപടികൾ സ്വീകരിക്കേണ്ടതും തുക തിരികെ ഈടാക്കേണ്ടതുമാണ്."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.4]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ എ4-2617/04 നമ്പർ കത്തുപ്രകാരം ഏറത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

133. "ബഹുമാനപ്പെട്ട പത്തനംതിട്ട ജില്ലാ ഫൈനാൻസ് ഇൻസ്പെക്ടിംഗ് ആഫീസർ, ഇതു സംബന്ധമായ പരാതി ലഭിച്ചതിനെ തുടർന്ന് 5-5-2003-ൽ ടി പദ്ധതിയുടെ ഫയലുകളും മറ്റു രേഖകളും അന്വേഷണത്തിനായി കൈമാറുകയും ചെയ്തിരുന്നു. അന്വേഷണം പൂർത്തിയാക്കി ടി ഫയലുകൾ തിരിച്ചു നൽകിയെങ്കിലും തുക ഈടാക്കുന്നത് സംബന്ധിച്ച ഉത്തരവ് ഈ ആഫീസിൽ ലഭിച്ചിട്ടില്ല. തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്."

134. പ്രസ്തുത ആഡിറ്റ് പരാമർശം സംബന്ധിച്ച് സെക്രട്ടറിയുടെ വിശദീകരണം സമിതി ആരാഞ്ഞു. ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗമാണ് അന്വേഷണം നടത്തിയതെന്നും മറുപടിയൊന്നും തരാതെ ഫയൽ തിരികെ തന്നുവെന്നും സെക്രട്ടറി അറിയിച്ചു. ആദ്യത്തെ രണ്ടുമൂന്നു വർഷം ഭംഗിയായി പ്രവർത്തിച്ച ഈ സ്ഥാപനം കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തിക്കുന്നില്ലായെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

135. ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ സർചാർജ് നടപടി ആരംഭിച്ചോ എന്നും ആനുകൂല്യങ്ങൾ നൽകിയോ എന്നും സമിതി ആരാഞ്ഞതിന്, പഞ്ചായത്തിൽ സർചാർജ് നോട്ടീസ് വന്നിട്ടില്ലായെന്നും ഇൻഡംനിറ്റി ബോണ്ട് വച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആനുകൂല്യങ്ങൾ കൊടുത്തുവെന്നും സെക്രട്ടറി സമിതിക്ക്

മറുപടി നൽകി. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റിന്റെ പ്രസിഡന്റിനും കൺവീനർക്കും നോട്ടീസ് കൊടുത്തതിൽ യൂണിറ്റ് പ്രവർത്തിക്കാത്തതിനാൽ, പലിശ ഒഴിവാക്കിതന്നാൽ മുതൽ അടയ്ക്കാൻ തയ്യാറാണെന്ന് അവർ മറുപടി നൽകിയിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

136. പ്രസ്തുത യൂണിറ്റിന്റെ ഭാരവാഹികളെ കൊണ്ട് 50,000 രൂപ പഞ്ചായത്തിൽ അടപ്പിച്ചശേഷം പലിശ ഒഴിവാക്കുന്നതിനുളള അപേക്ഷ വാങ്ങി സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുവാനും ഒരു മാസത്തിനുള്ളിൽ ഇതിൽ തീർപ്പാക്കി സമിതിക്ക് റിപ്പോർട്ട് നൽകുവാനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി.

137. ആഡിറ്റിൽ പരാമർശിക്കപ്പെട്ട തുക (50,000 രൂപ) 29-12-2005-ൽ 64/160-ാം നമ്പർരസീത് പ്രകാരം പ്രസ്തുത ബുക്കു ബയന്റിംഗ് യൂണിറ്റിന്റെ ഭാരവാഹികളിൽ നിന്നും ഈടാക്കിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറിയുടെ 2-1-2006-ലെ എ4-422/06-ാം നമ്പർ കത്തു മുഖേന സമിതിയെ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

138. ബുക്കു നിർമ്മാണ യൂണിറ്റിന് നിയമപരമല്ലാതെ നൽകിയ ധനസഹായം പ്രസ്തുത യൂണിറ്റിന്റെ ഭാരവാഹികളെക്കൊണ്ട് തിരിച്ചടപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നുമുള്ള വസ്തുത കണക്കിലെടുത്ത് ഇതിന്മേലുള്ള പലിശ ഒഴിവാക്കണമെന്നുളള അവരുടെ ആവശ്യം എത്രയും വേഗം തീർപ്പാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

139. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ വ്യക്തിയുടെ ബുക്കു നിർമ്മാണ യൂണിറ്റിന് ധനസഹായം അനുവദിച്ച നടപടി ശരിയല്ലെന്നും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നതല്ലെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ട നിർദ്ദേശം വകുപ്പുതലത്തിൽ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## റാന്നി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

ഗവൺമെന്റ് അംഗീകാരം വാങ്ങാതെ പണി ചെയ്തു.

"റാന്നി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടം അറ്റകുറ്റപണി ചെയ്തതിൽ ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ 30% കൂടിയ നിരക്കിൽ പണി ചെയ്തതിനാൽ പഞ്ചായത്ത് ഫണ്ടിന് 17,011 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്."

[ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക V.3.5]

ആഡിറ്റ് ഖണ്ഡികയ്ക്ക് 11-1-2005-ലെ എ4-2617/04 നമ്പർ കത്തുപ്രകാരം റാന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി:—

140. "ആഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള സർക്കാർ അനുവാദമില്ലാതെ അധികമായി ചെലവ്ചെയ്ത 17,011 രൂപ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. പി. കെ. പീതാംബര നിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നോട്ടീസുകൾ നൽകിയിട്ടുണ്ട്."

141. ഉത്തരവാദിയായ സെക്രട്ടറി ഇപ്പോൾ സർവ്വീസിലുണ്ടോ എന്നും തുക തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും സമിതി ആരാഞ്ഞു. ആഡിറ്റ് കാലയളവിലുണ്ടായിരുന്ന സെക്രട്ടറി ഇതിനകം റിട്ടയർചെയ്തെന്നും ഇതു സംബന്ധിച്ച നോട്ടിസ് ടിയാന് രജിസ്റ്റേർഡ് ആയി അയച്ചുവെന്നും ഇൻഡംനിറ്റി ബോണ്ട് വച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

142. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുൻകൈയെടുത്ത് ടിയാന്റെ ഡി.സി.ആർ. ജി.യിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനുള്ളിൽ സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

143. സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കിയിട്ടില്ലെന്നും, ആഡിറ്റ് പരാമർശങ്ങൾക്ക് ടിയാൻ പഞ്ചായത്ത് കമ്മിറ്റി മുൻപാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട തുക ടിയാനിൽ നിന്നും ഈടാക്കുന്ന നടപടി ഒഴിവാക്കാൻ മേലധികാരിക ളോട് അഭ്യർത്ഥിച്ചുകൊണ്ട് കമ്മിറ്റി തീരുമാനമായതായി റാന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-11-2005-ലെ എ1 709/04 നമ്പർ കത്തുമുഖേന സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

144. പഞ്ചായത്ത് കമ്മിറ്റി തീരുമാനം സർക്കാരിന്റെ സാധൂകരണത്തിനയച്ചിട്ടുണ്ടോ യെന്നും നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,
ചെയർമാൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2007, മാർച്ച് 13.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങളും ശുപാർശകളും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ഏഴംകുളം ഗ്രാമപഞ്ചായത്ത് | 3 | ആഡിറ്റിൽ പരാമർശിക്കപ്പെട്ട ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. സി. അരവിന്ദാക്ഷൻ ഉണ്ണിത്താനെതിരെ ഒരാഴ്ചയ്ക്കുള്ളിൽ വകുപ്പുതല നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും അത് സംബന്ധിച്ച മറുപടി നാൾ ഇതുവരെ ലഭിച്ചില്ല. ആയതിനാൽ സമിതി നിർദ്ദേശത്തിന്മേൽ അടിയന്തിരമായി നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 4 | സമിതി നിർദ്ദേശം യഥാസമയം നടപ്പാക്കാത്തതിനാൽ സമിതിക്കുള്ള അതൃപ്തി അറിയിക്കുന്നതോടൊപ്പം മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതല നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2. | ,, | 10 | ഏനാത്ത് സബ് രജിസ്ട്രാർ ഓഫീസ് മല്ലശ്ശേരിപടി റോഡ് ഉദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിലധികമായി ചെലവാക്കിയ 4,853 രൂപ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താനിൽനിന്നും തിരിച്ചുപിടിക്കുന്നതിനും, പ്രസ്തുത തുക ടിയാന്റെ പേരിൽ സർചാർജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, വിവരം സമിതിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു. |
| ,, | ,, | 11 | ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക ബന്ധ്പ്പെട്ട ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തു കഴിഞ്ഞാൽ ടിയാന്റെ ഡി. സി. ആർ. ജി. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യിൽ നിന്നും പിടിക്കുന്നതിന് ചട്ടങ്ങളുള്ളതുപോലെ സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ തുക അവരുടെ ശമ്പളത്തിൽ നിന്നും നേരിട്ടു വസൂലാക്കുന്നതിന് കഴിയുന്ന തരത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങളിലും സർവ്വീസ് ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3. | അരുവാപ്പുലം ഗ്രാമപഞ്ചായത്ത് | 16 | ഓഡിറ്റ് തടസ്സങ്ങളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എം. സുരേന്ദ്രൻ നായരിൽ നിന്നും ഈടാക്കാനുള്ള തുക ടിയാന്റെ ഡി. സി. ആർ. ജി. യിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4. | ,, | 19 | ട്രഷറി എസ്. ബി. അക്കൗണ്ട് പ്രവർത്തന രഹിതമായതുമൂലം നീക്കിയിരിപ്പു തുക റവന്യൂ ഡെപ്പോസിറ്റാക്കി മാറ്റിയതു തിരികെ ലഭിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതിന്മേൽ ധനകാര്യവകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് അടിയന്തിരമായി സമിതിയെ അറിയിക്കണമെന്നും പ്രവർത്തനരഹിതഫണ്ടായി മാറ്റിയതു കാരണം പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 5. | ,, | 22 | ഇറച്ചി മാർക്കറ്റ് ലേലം നടത്തിയ ഇനത്തിൽ ഇനിയും പിരിഞ്ഞുകിട്ടാനുള്ള 15,825 രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ടിയാനിൽ നിന്നും തുക ഈടാക്കി ആയതിന്റെ വിശദവിവരവും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | കൊടുമൺ ഗ്രാമപഞ്ചായത്ത് | 25 | ബന്ധപ്പെട്ട സെക്രട്ടറിയുടെ ഡി. സി. ആർ. ജി. യിൽ നിന്നും തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും അക്കാര്യം യഥാസമയം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിക്കാൻ കഴിയാതിരുന്നതിനാലാണ് ആഡിറ്റ് പരാമർശമുണ്ടായതെന്നുമുള്ള സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ആഡിറ്റ് തടസ്സങ്ങളുമായി ബന്ധപ്പെട്ട് എത്ര തുകയാണ് ടിയാന്റെ ഡി. സി. ആർ. ജി. യിൽ നിന്നും ഈടാക്കിയിട്ടുള്ളത് എന്നീ കാര്യങ്ങൾ വ്യക്തമായി പരിശോധിച്ച് വിശദമായ റിപ്പോർട്ടിൽ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7. | നിരണം ഗ്രാമപഞ്ചായത്ത് | 31 | ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. മണികണ്ഠൻ നായരുടെ ഡി. സി. ആർ. ജി. യിൽ നിന്നും തുക തിരിച്ചു പിടിക്കാൻ ഉത്തരവ് നൽകിയിട്ടും പ്രസ്തുത തുക ഈടാക്കാൻ പത്തനംതിട്ട ഡി. സി. പി. നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഡി. സി. പി.യുടെ ഇക്കാര്യത്തിലുള്ള വീഴ്ചയെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| ,, | ,, | 32 | ഇതു സംബന്ധിച്ച ഫയലുകളും മറ്റനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 33 | ഇതിനുപുറമേ, പഞ്ചായത്തിനു നഷ്ടമായ തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ഡി. സി. ആർ. ജി. യിൽ നിന്നും അടിയന്തിരമായി ഈടാക്കി വിവരം സമിതിയെ അറിയിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8. | കുന്നന്താനം ഗ്രാമപഞ്ചായത്ത് | 40 | കുന്നന്താനം പട്ടികജാതി സഹകരണസംഘം സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കു ന്നതിനായി മല്ലപ്പള്ളി തഹസീൽദാർ |

| (1) | (2) | (3) | (4) |
|---|---|---|---|
| 8. | കുന്നന്താനം ഗ്രാമപഞ്ചായത്ത് | 40 | സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടിയാൻ മുനിസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, കേസ് വിധി ആയെങ്കിൽ വിധി എന്താണെന്നുമുള്ള വിവരവും സമിതിക്ക് ലഭ്യമാക്കണമെന്നും വിധിയായിട്ടില്ലെങ്കിൽ കേസ് യഥാസമയം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 9. | ,, | 44 | അളവു പുസ്തകത്തിലെ മൂല്യനിർണ്ണയത്തിനേക്കാൾ കൂടുതലായി നൽകിയ 22,400 രൂപ ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനായി ടിയാന്റെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് നോട്ടീസ് നൽകി റിക്കവറി നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10. | പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 50 | ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും മറ്റനുബന്ധരേഖകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ വീണ്ടും പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും, ഇതിന്മേൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി ഉത്തരവാദിയായവർക്കെതിരെ നഷ്ടം വസൂലാക്കുന്നതിനുൾപ്പെടെയുള്ള നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11. | വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | 62 | സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും തനതുഫണ്ടും കൈകാര്യം ചെയ്യുമ്പോൾ ആവശ്യം പാലിക്കേണ്ട ധനവിനിയോഗ |

| (1) | (2) | (3) | (4) |
|---|---|---|---|
| 11. | വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | 62 | ചട്ടങ്ങൾ എല്ലാം ലംഘിച്ചുകൊണ്ടാണ് ഇവിടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും ഇത് സംബന്ധിച്ച പരിശോധനാറിപ്പോർട്ടിന്മേൽ പ്രഥമ മറുപടി ലഭ്യമാക്കാത്തതിനാൽ ലോക്കൽ ഫണ്ട് ആഡിറ്റിന് തുടർന്നുള്ള പരിശോധനകളും തടസ്സപ്പെട്ടിരിക്കുകയാ ണെന്നും സമിതി വിലയിരുത്തി പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഫയലുകൾ 27-1-2005-ന് മുമ്പായി പത്തനംതിട്ട ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും പ്രസ്തുത ഫയലുകൾ സെക്രട്ടറി ആഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ ഇതു സംബന്ധിച്ച എല്ലാ ഫയലുകളും മറ്റനുബന്ധ രേഖകളുമുൾപ്പെടെ പത്തനംതിട്ട ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി സമർപ്പിക്കുന്നതിനും വിവരം സമിതിയെ അറിയിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 63 | കൂടാതെ പ്രസ്തുത ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ആഡിറ്റ് കണ്ടെത്തിയ ഗുരുതരമായ വീഴ്ചകൾക്കെതിരെ വകുപ്പുതലത്തിൽ സമഗ്രവും സൂക്ഷമവുമായ ഒരന്വേഷണംനടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 12. | സീതത്തോട് ഗ്രാമപഞ്ചായത്ത് | 68 | ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക അന്നത്തെ സെക്രട്ടറി ശ്രീ. കെ. ജി. ശശിധരൻ നായരുടെ ഡി. സി. ആർ. ജി. യിൽ നിന്നും ഈടാക്കാൻ ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത തുക ടിയാന്റെ ഡി. സി. ആർ. ജി. യിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച നടപടികൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| 12. | സീതത്തോട് ഗ്രാമപഞ്ചായത്ത് | 68 | അടിയന്തിരമായി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13. | ,, | 72 | സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. കാർത്തികേയന്റെ കാര്യത്തിൽ ടിയാന്റെ ബാദ്ധ്യതകൾ അടിയന്തിരമായി നിശ്ചയിച്ച് നോട്ടീസ് കൊടുക്കണമെന്നും ഇതു സംബന്ധിച്ച വിവരം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും അറിയിക്കണമെന്നും സമിതിനിർദ്ദേശിക്കുന്നു. |
| ,, | ,, | 73 | ആഡിറ്റ് ചൂണ്ടിക്കാട്ടിയ ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 14. | മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് | 77 | ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റിന് ബോദ്ധ്യം വന്ന സ്ഥിതിക്ക് ഇതു സംബന്ധിച്ച ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 15. | നെടുമ്പ്രം ഗ്രാമപഞ്ചായത്ത് | 81 | നെടുമ്പ്രം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾക്കായി ജാഗിൾ സ്റ്റോൺ വാങ്ങിയ ഇനത്തിൽ അംഗീകൃത നിരക്കിനേക്കാൾ തുക അധികം നൽകിയത് സംബന്ധിച്ചും, 27-3-1997-ന് ആറ്റുമണൽ ലേലം ചെയ്ത് നൽകിയത് സംബന്ധിച്ചുമുള്ള ആഡിറ്റ് തടസ്സങ്ങളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും പലിശസഹിതം തുക തിരിച്ചുപിടിക്കുന്നതിനും, ടിയാനെതിരെ സർചാർജ്ജ് പുറപ്പെടുവിച്ച് തുക ഈടാക്കി വിവരം സമിതിയെ അറിയിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 82 | ആഡിറ്റ് ക്രമക്കേടുകളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ സർചാർജ്ജ് നോട്ടീസ് ആവുന്നതോടുകൂടി വകുപ്പുതല നടപടികൾ ഒഴിവാക്കപ്പെടുന്നതായാണ് കണ്ടുവരുന്നത്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15. | നെടുമ്പ്രം ഗ്രാമപഞ്ചായത്ത് | 82 | സർചാർജ്ജ് കൊണ്ട് നഷ്ടപ്പെട്ട മുതൽ തിരിച്ചുകിട്ടുക മാത്രമേയുള്ളൂവെന്നും തെറ്റു ചെയ്തതിനുള്ള വകുപ്പുതല നടപടികൾ ആവുന്നില്ലെന്നും സമിതി വിലയിരുത്തി. ആഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറി സർവ്വീസിലുള്ളയാളായതുകൊണ്ട് ശമ്പളത്തിൽ നിന്നും വസൂലാക്കാനുള്ള നിയമമുണ്ടെങ്കിൽ തുക ഈടാക്കുന്നതോടൊപ്പം വകുപ്പുതല നടപടിയും സാദ്ധ്യമാകും. ആയതിനാൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും ആഡിറ്റ് പ്രകാരമുള്ള നഷ്ടം ഈടാക്കുന്നതിന് ചട്ടങ്ങളിൽ ഉചിതമായ ഭേദഗതികൾ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 16. | കവിയൂർ ഗ്രാമപഞ്ചായത്ത് | 88 | കവിയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി മേരിക്കുട്ടിയുടെ പെൻഷനാനുകൂല്യങ്ങൾ അനുവദിച്ചു നൽകിയോ എന്നും എങ്കിൽ ഇതു സംബന്ധിച്ച ബാദ്ധ്യത, സമിതി നിർദ്ദേശിച്ച പ്രകാരം ടിയാളുടെ പേരിൽ നിശ്ചയിച്ച് ടിയാളുടെ പെൻഷനാനുകൂല്യത്തിൽ നിന്നും തുക ഈടാക്കിയോ എന്നീ വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 17. | ,, | 93 | ഈ വിഷയത്തിന്മേൽ ഭരണ വകുപ്പ് വിശദമായ ഒരന്വേഷണം നടത്തി ഇത് സംബന്ധിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18. | ,, | 96 | കയ്യാലപ്പടി-തുണ്ടിപ്പടി റോഡ് ടാറിംഗ് പണിയുമായി ബന്ധപ്പെട്ട് കൺവീനറിൽ നിന്നും ഈടാക്കാൻ ശേഷിക്കുന്ന 10,000 രൂപ അടിയന്തിരമായി ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 19. | മൈലപ്ര ഗ്രാമപഞ്ചായത്ത് | 100 | സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടും മുൻ സെക്രട്ടറി ശ്രീ. ജോസ് തുക അടയ്ക്കാൻ വിസമ്മതിക്കുന്ന സാഹചര്യത്തിൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക/ നിയമ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 101 | ഇക്കാര്യത്തിൽ ശ്രീ. ജോസിനെതിരെ സ്വീകരിക്കുന്ന നടപടികളുടെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 20. | ചെറുകോൽ ഗ്രാമപഞ്ചായത്ത് | 105 | സ്ഥിരം ജീവനക്കാർ നിയമിതരായിട്ടും ദിവസക്കൂലി വ്യവസ്ഥയിൽ നിയമിച്ചിരുന്ന ആളുകളെ പിരിച്ചുവിടാതെ ജോലിയിൽ തുടരാൻ അനുവദിച്ചതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 21. | ,, | 108 | നിയമവിരുദ്ധമായി സർക്കാർ പണം കൈകാര്യം ചെയ്തിരുന്നത്മൂലമാണ് ആഡിറ്റ് പരാമർശം ഉണ്ടായതെന്നും ആയതിനാൽ ഈ പ്രവണത അവസാനിപ്പിക്കണമെന്നും ഇപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 22. | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | 112 | ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള റോഡ് പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും പണം നൽകുവാനായി അളവെടുത്തതും പണി ചെയ്യിച്ചതും എല്ലാം ഒരാൾ തന്നെയാണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടിരുന്നു. എന്നാൽ റോഡ് ഇപ്പോൾ ഉപയോഗയോഗ്യമാണോ എന്ന കാര്യത്തിലുള്ള മറ്റു വിശദാംശങ്ങൾ ഉൾപ്പെടെ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ട് ഉൾപ്പെടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| 22. | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | 112 | ബന്ധപ്പെട്ട രേഖകൾ അടിയന്തിരമായി ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന് നൽകാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23. | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് | 117 | ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഗുരുതരമായ ക്രമക്കേടുകൾ ഇപ്പോഴും നിലനിൽക്കുകയാണെന്ന് പുനർ പരിശോധനാ റിപ്പോർട്ടിലും ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭരണവകുപ്പ്, ഇതു സംബന്ധമായി സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 24. | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 120 | മുൻ പഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള സർചാർജ്ജ് നടപടികൾ ഒഴിവാക്കുന്ന തിനായി പഞ്ചായത്ത് കമ്മിറ്റി തന്നെ ശുപാർശ ചെയ്ത സാഹചര്യത്തിൽ ആഡിറ്റിൽ നിരാകരിച്ച 8314 രൂപ അന്നത്തെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 25. | കോന്നി ഗ്രാമപഞ്ചായത്ത് | 124 | പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കി യിട്ടുള്ള സാഹചര്യത്തിൽ ഇതിന്മേലുള്ള ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 26. | ,, | 128 | പ്രസ്തുത പദ്ധതി നടത്തിപ്പിൽ ആഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് ഭരണവകുപ്പ് സത്വരവും സമഗ്രവുമായ ഒരന്വേഷണം നടത്തി വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യിന്നു. |
| 27. | ,, | 132 | ശ്രീ. ജോൺ ഫിലിപ്പിന്റെ പരാതിയിൽ പ്രഥമദൃഷ്ട്യാ പ്രസക്തിയുണ്ടെന്ന് ഓംബുഡ്സ്മാന് ബോദ്ധ്യമായ സാഹചര്യ ത്തിലാണ് കേസ് വിജിലൻസ് അന്വേഷണ ത്തിനായി നൽകിയതെന്ന് സമിതി അനുമാനി ക്കുന്നു. ആയതിനാൽ ഓംബുഡ്സ്മാന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| 27. | കോന്നി ഗ്രാമപഞ്ചായത്ത് | 132 | വിധിക്കനുസൃതമായി ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 28. | ഏറത്ത് ഗ്രാമപഞ്ചായത്ത് | 138 | ബ്ലോക്കുനിർമ്മാണ യൂണിറ്റിന് നിയമപരമല്ലാതെ നൽകിയ ധനസഹായം പ്രസ്തുത യൂണിറ്റിന്റെ ഭാവാഹികളെ ക്കൊണ്ട് തിരിച്ചടപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നുമുള്ള വസ്തുത കണക്കിലെടുത്ത് ഇതിന്മേലുള്ള പലിശ ഒഴിവാക്കണമെന്നുള്ള അവരുടെ ആവശ്യം എത്രയും വേഗം തീർപ്പാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| ” | ,, | 139 | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ വ്യക്തിയുടെ ബ്ലോക്കുനിർമ്മാണ യൂണിറ്റിന് ധനസഹായം അനുവദിച്ച നടപടി ശരിയല്ലെന്നും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നതല്ലെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ട നിർദ്ദേശം വകുപ്പുതലത്തിൽ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29. | റാന്നി ഗ്രാമപഞ്ചായത്ത് | 144 | മേൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം സർക്കാരിന്റെ സാധൂകരണത്തിനയച്ചിട്ടുണ്ടോയെന്നും നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |